അടിയന്തരപ്രമേയം

<u>സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റിലെ കെട്ടുകാര്യസ്ഥത</u>

<u>മി. സ്പീക്കർ:</u> സംസ്ഥാനം അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ തിരിച്ചടവ് ബാദ്ധ്യതകളിൽനിന്നും സാമൂഹികക്ഷേമ പ്രവർത്തനങ്ങളിൽനിന്നും സർക്കാർ പിന്മാറുന്നതായി പറയപ്പെടുന്നതുമൂലം ജനങ്ങൾക്കുണ്ടായിട്ടുള്ള ആശങ്ക ചർച്ച ചെയ്യുന്നതിനായി സഭാ നടപടികൾ നിർത്തിവയ്ക്കണമെന്ന പ്രമേയം പരിഗണനയ്ക്കെടുക്കണമെന്ന് ആവശ്യപ്പെട്ട് ഡോ. മാത്യു കുഴൽനാടൻ, സർവ്വശ്രീ എൻ. ഷംസുദ്ദീൻ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സർ, ഇവിടെ നൽകിയിട്ടുള്ള അടിയന്തര പ്രമേയം വാസ്തവത്തിൽ അത്രയും ഗൗരവമേറിയതോ അടിയന്തരമോ ആയൊരു വിഷയം സംബന്ധിച്ചുള്ളതല്ല. വാസ്തവത്തിൽ ഇതിനകത്ത് സൂചിപ്പിക്കുന്ന സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ തിരിച്ചടവ് ബാദ്ധ്യതകളിൽനിന്ന് പിന്മാറുന്നത് ഉൾപ്പെടെയുള്ള നടപടികൾ സാമൂഹികക്ഷേമ പ്രവർത്തനങ്ങളിൽനിന്ന് സർക്കാർ പിന്മാറുന്നതിന്

കാരണമാകും, അതിനകത്ത് ജനങ്ങൾക്കുണ്ടാകുന്ന ആശങ്ക എന്ന നിലയിലാണ്. അങ്ങനെയൊരവസ്ഥ കേരളത്തിലില്ല എന്നുമാത്രമല്ല ഒന്നാം പിണറായി സർക്കാർ അധികാരത്തിൽ വന്നതുമുതൽ ഇങ്ങോട്ട് കൃത്യമായി സാമൂഹികക്ഷേമ പെൻഷൻ കൊടുക്കുന്നുമുണ്ട്. മുമ്പ് കൊടുത്തിരുന്ന സാമൂഹികക്ഷേമ പെൻഷന്റെ വ്യത്യാസം ഞാൻ പറയാം, ആ തുകയുടെ വലിപ്പമൊന്നും പറയുന്നില്ല. കഴിഞ്ഞ അഞ്ച് വർഷക്കാലം ഒന്നാം പിണറായി സർക്കാർ 35157 കോടി രൂപ കൊടുത്തു. അതേ സമയം തൊട്ടുമുമ്പുള്ള അഞ്ച് വർഷം 9311 കോടി രൂപ മാത്രമേ കൊടുത്തിരുന്നുള്ളൂ. തുകകൾ തമ്മിൽ താരതമ്യപ്പെടുത്തിയത് അതിന്റെ മോശവും ശരിയും പറയാനല്ല. ഇപ്പോൾ ഈ സർക്കാർ വന്നതിനുശേഷവും കൃത്യമായി സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കൊടുക്കുന്നുണ്ട്, ഇപ്പോഴും കൊടുത്തുകൊണ്ടിരിക്കുകയാണ്. അക്കാര്യത്തിൽ തടസ്സമൊന്നും ഉണ്ടാകുന്ന സ്ഥിതിവിശേഷമില്ല. എന്തുകൊണ്ടാണ് ഇങ്ങനെയൊരു ആശങ്ക ഉണ്ടായതെന്ന് മനസ്സിലാകുന്നില്ല. എന്തായാലും ഇത് നടത്തുന്ന കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് 100 ശതമാനവും സർക്കാർ ഉടമസ്ഥതയിലുള്ളതാണ്. അത് കേന്ദ്ര കമ്പനി നിയമപ്രകാരം പ്രവർത്തിക്കുന്ന ഏതൊരു സർക്കാർ കമ്പനിയെപ്പോലെയുമുള്ള ഒരു കമ്പനിയാണ്. കോവിഡ്-19 അടക്കമുള്ള പ്രതികൂല സാഹചര്യങ്ങളിൽ റവന്യൂ വരുമാനം ഇടിഞ്ഞപ്പോഴും സാമൂഹിക

സുരക്ഷാ പെൻഷൻ യാതൊരുവിധ മുടക്കവും കൂടാതെ ജനങ്ങളിലെത്തിക്കാൻ ഈ കമ്പനിയിലൂടെ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഇത്തരം പ്രതിസന്ധിഘട്ടങ്ങളിൽ ജനജീവിതം സാധാരണ നിലയിൽ കൊണ്ടുപോകുന്നതിന് ഈ കമ്പനിവഴിയുള്ള പെൻഷൻ വിതരണം വലിയൊരു കരുതലായും കൈത്താങ്ങായും പ്രവർത്തിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ ധനകാര്യ താൽപ്പര്യങ്ങളെയും ലിക്വിഡിറ്റിയെയും ബാധിക്കുന്ന ചില തീരുമാനങ്ങൾ ദൗർഭാഗ്യവശാൽ കേന്ദ്രഗവൺമെന്റിന്റെ പല നയങ്ങളുടെ ഭാഗമായി വരുന്നുണ്ട്. അത് പൊതുവിൽ എല്ലാവർക്കും അറിയാവുന്നതാണ്. കേരളത്തിലെ ജനസംഖ്യയുടെ അഞ്ചിലൊന്നോളം വരുന്ന മുതിർന്ന പൗരന്മാരുടെ സാമൂഹിക സുരക്ഷയെ മുൻനിർത്തി ഏത് സാമ്പത്തിക പ്രതിസന്ധിയിലും ഇടതടവില്ലാതെ പണം കടമെടുക്കേണ്ടതായി വരാറുണ്ട്. അത് മറ്റൊന്നുംകൊണ്ടല്ല, സാധാരണഗതിയിൽ വരുന്ന പണത്തിന്റെ തോതനുസരിച്ച് രണ്ടോമൂന്നോ മാസം ചേർന്ന് മാത്രം കൊടുക്കുന്ന ഒരു സ്ഥിതിക്ക് പകരം, ഇപ്പോഴും 1100-ൽഅധികം കോടി രൂപ ഈ മാസത്തേയ്ക്ക് റിലീസ് ചെയ്തുകഴിഞ്ഞു. മാസാമാസം തുക കൊടുക്കണമെങ്കിൽ ലിക്വിഡിറ്റി മാനേജ്മെന്റ് ഒരു പ്രശ്നമാണ്. ലിക്വിഡിറ്റി മാനേജ്മെന്റിനുവേണ്ടിയാണ് ഈ കമ്പനി പ്രവർത്തിക്കുന്നത്. ആ കമ്പനിയുടെ പ്രവർത്തനത്തെ യാതൊരുതരത്തിലും ബാധിക്കുന്നതരത്തിലുള്ള ഒരു തീരുമാനം

ഗവൺമെന്റ് എടുത്തിട്ടില്ല. ഈ കാര്യത്തെക്കുറിച്ച് സൂചിപ്പിക്കുമ്പോൾ, നേരത്തെ ശമ്പളം തന്നെ മുടങ്ങുമെന്നുള്ള വലിയ പ്രചരണം ഉണ്ടായിരുന്നു. ഈ മാസം ശമ്പളം കിട്ടില്ല, അല്ലെങ്കിൽ 20 ശതമാനം ശമ്പളത്തിൽനിന്നും കട്ട് ചെയ്യും എന്നിങ്ങനെയുള്ള പ്രചരണങ്ങൾ ഓരോ സമയത്തും ഉണ്ടായിരുന്നു. അങ്ങനെയുള്ള ഒരു സ്ഥിതിയും ഉണ്ടാകില്ലെന്ന് നേരത്തെ സൂചിപ്പിച്ചിട്ടുണ്ട്. പെൻഷന്റെ കാര്യത്തിൽ, സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പ്രവർത്തനങ്ങളിലൊന്നും ഒരു തടസ്സവുമില്ല. സർക്കാർ ഈ ഉത്തരവാദിത്വത്തിൽനിന്ന് പിന്നോട്ടുമാറുന്നില്ലെന്ന കാര്യംകൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ട് ഇപ്പോഴും ഈ മാസത്തേയ്ക്കുള്ള ഫണ്ടും റിലീസ് ചെയ്തു കഴിഞ്ഞു. എന്നാൽ സംസ്ഥാനത്തിന്റെ ധനകാര്യ ലിക്വിഡിറ്റിയെയും മാനേജ്മെന്റിനെയും തടസ്സപ്പെടുത്തുന്ന കേന്ദ്രഗവൺമെന്റിന്റെ നയങ്ങൾക്കെതിരായി അഖിലേന്ത്യാതലത്തിൽ പ്രതിപക്ഷ പാർട്ടികളും ബന്ധപ്പെട്ട വേദികളിൽ ഭരണപക്ഷ പാർട്ടികളും അതായത്, ബി.ജെ.പി. സർക്കാരിന്റെ ആളുകളുമെല്ലാം പറയുന്ന ചില പ്രശ്നങ്ങളുണ്ട്. അത് സംയുക്തമായി ഏറ്റെടുക്കേണ്ട ഒരു കാര്യമാണ്. ഇത്തരം കാര്യങ്ങളിൽ രാജസ്ഥാൻ, ഛത്തീസ്ഗഢ് എന്നീ ഗവൺമെന്റുകളെക്കുറിച്ച് ഞാൻ പറയുന്നത് കോൺഗ്രസ്സിന്റെ ബന്ധമുള്ളതുകൊണ്ടാണ്. കേന്ദ്രം നമ്മുടെ സംസ്ഥാനത്തിന്റെ

ഫിസ്കൽ ഫെഡറലിസത്തെ ബാധിക്കുന്നതരത്തിലുള്ള നിലപാടെടുക്കുന്നുണ്ട്. അതിനെതിരായി ശക്തമായ ഒരു സമീപനം പൊതുവിൽ എടുക്കണം. എന്നാൽ ഇപ്പോൾ സംസ്ഥാനത്ത് അങ്ങനെ തടസ്സമുണ്ടാക്കുന്ന സ്ഥിതിയോ പെൻഷൻ കൊടുക്കാതിരിക്കുന്ന സാഹചര്യമോ ഇല്ല. ആയതിനാൽ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ഡോ. മാത്യു കുഴൽനാടൻ:</u> സർ, ഞാൻ നേരിട്ട് വിഷയത്തിലേയ്ക്ക് കടക്കുകയാണ്. 26-06-2018-ലാണ് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ എന്ന കമ്പനി രൂപീകൃതമായത്. ഈ കമ്പനിക്ക് കടമെടുക്കാനുള്ള അവകാശമുണ്ടെന്നും ആ കടമെടുപ്പിന് സർക്കാർ ഗ്യാരണ്ടി നൽകുമെന്ന് പറഞ്ഞുമാണ് സർക്കാർ ഉത്തരവ് ഇറക്കിയത്. 10-06-2022-ന് ധനകാര്യവകുപ്പ് ഇറക്കിയ പ്രസ്തുത ഉത്തരവാണ് എന്റെ കൈവശമുള്ളത്. ധനകാര്യ വകുപ്പുമന്ത്രിയെ ഒരു കണക്കപ്പിള്ളയെപ്പോലെയാണ് നാം കാണുന്നത്. വകുപ്പുമന്ത്രിയുടെ ഏറ്റവും വലിയ ക്വാളിറ്റി എന്നുപറയുന്നത് സത്യസന്ധതയായിരിക്കണമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഈ ഉത്തരവിൽ പറഞ്ഞിരിക്കുന്ന ഒരു സെന്റൻസ് ഞാൻ വായിക്കാം " Government have constituted Kerala Social Security Pension Limited vide G.O. read above with an objective to ensure smooth disbursement of Social Security Pensions. Certain clauses in

the Government Order restrict the liberty of the company in mobilising funds. In the circumstances, after examining the matter in detail, Government have now decided to modify the G.O to the extent as tabled below:" എന്നു പറഞ്ഞതിനുശേഷം മൂന്ന് ക്ലോസുകൾ കൊടുക്കുന്നു. സർക്കാർ കൊടുക്കുന്ന ഗ്യാരണ്ടി നിങ്ങൾ വിത്ഡ്രോ ചെയ്യുകയാണ് ചെയ്തത്. Certain clauses in the Government Order restrict the liberty of the company in mobilising funds അല്ല. യഥാർത്ഥത്തിൽ സംസ്ഥാന സർക്കാർ കടമെടുക്കാനുള്ള അനുമതി ചോദിച്ച് കേന്ദ്രസർക്കാരിനുമുമ്പിൽ ചെന്നപ്പോൾ ബജറ്റിനുപുറത്ത് കടമെടുത്തിട്ടുള്ളതെല്ലാം കണക്കിൽ കാണിച്ചാൽ മാത്രമേ അനുമതി നൽകുകയുള്ളൂവെന്ന് പറഞ്ഞപ്പോൾ സംസ്ഥാന സർക്കാരിന് കടമെടുക്കുന്നതിനുവേണ്ടി ഗ്യാരന്റി കൊടുത്തിരുന്നത് പിൻവലിച്ച ഓർഡറാണ്. അത് കമ്പനിയുടെ നടത്തിപ്പിനുവേണ്ടിയല്ല, സർക്കാരിന് കടമെടുക്കുന്നതിനുവേണ്ടിയാണ്. നിങ്ങൾ എന്തിനാണ് ഈ കണക്കുകൾ കളവായി ഉത്തരവിൽ ചേർത്തത്. 57 ലക്ഷത്തോളം പെൻഷനേഴ്സിന് ആശങ്കയുണ്ടാക്കുന്ന ഒരു കാര്യമായതുകൊണ്ടാണ് ഇത് അടിയന്തരമായി സഭയിൽ കൊണ്ടുവരാൻ തീരുമാനിച്ചത്. ഇതിന്റെയെല്ലാം പ്രാധാനം...., എന്തുകൊണ്ടാണ് കേന്ദ്രസർക്കാർ അങ്ങനെയൊരു...., അങ്ങ് പറഞ്ഞ ഫിസ്കൽ ഫെഡറലിസത്തിന്റെ

ചോദ്യം ഇവിടെയുണ്ട്, ആ ചോദ്യം വരുമ്പോൾ കേരളത്തിന്റെ കടമെടുപ്പ് പരിധി എല്ലാറ്റിനെയും കടന്നുപോകുന്ന കോണ്ടക്സ്റ്റിലാണ് ഈയൊരു കാര്യം ചർച്ച ചെയ്യേണ്ടി വരുന്നത്. കഴിഞ്ഞ മേയ് 19-നാണ് വളരെ ആശങ്കയോടുകൂടി ഒരു രാജ്യത്തിന്റെ സാമ്പത്തികമായ പതനം ലോകം കണ്ടത്. അയൽ രാജ്യമായ ശ്രീലങ്കയ്ക്ക് അവരുടെ ഡെബ്റ്റ് സർവ്വീസ് ചെയ്യാൻ സാധിക്കാതെ ഡീഫോൾട്ട് ആയപ്പോൾ ആ രാജ്യത്തിന്റെ അവസ്ഥ പെട്ടെന്ന് മാറുന്നത് നമ്മൾ കണ്ടതാണ്. ആർക്കും ഇന്ധനം വാങ്ങാൻ കഴിയുന്നില്ല, സ്കൂളുകൾ അടച്ചിട്ടു, ജനജീവിതം ദുസ്സഹമായി ഈ നിലയിലെല്ലാം കാര്യങ്ങൾ വന്നുചേർന്നു. അങ്ങനെ ഒരു രാജ്യത്തിന്റെ തകർച്ച കണ്ടപ്പോൾ സ്വാഭാവികമായും ആർ.ബി.ഐ. വളരെ ഗൗരവത്തോടുകൂടി ഇന്ത്യയിലെ ഓരോ സംസ്ഥാനങ്ങളുടെയും സ്ഥിതി പരിശോധിച്ചപ്പോൾ, ഇന്ത്യയിലെ ഏകദേശം അഞ്ച് സംസ്ഥാനങ്ങൾ കടക്കെണിയിലേയ്ക്ക് നീങ്ങുന്ന അങ്ങേയറ്റം ആശങ്കാജനകമായ സാഹചര്യമുണ്ടെന്ന് പറയുകയും അതിൽ ഒരെണ്ണം കേരളമാണെന്ന് കണ്ടെത്തുകയും ആശങ്കാജനകമായ നിരവധി കാര്യങ്ങൾ അവർ പുറത്തുവിടുകയും ചെയ്തു. അങ്ങനെ വന്ന സാഹചര്യത്തിൽക്കൂടിയാണ് പഞ്ചാബ്, രാജസ്ഥാൻ, കേരളം, പശ്ചിമബംഗാൾ, ബീഹാർ, ആന്ധ്രാപ്രദേശത്ത് എന്നീ സംസ്ഥാനങ്ങളുടെ കടബാദ്ധ്യത അപകടകരമായ നിലയിലാണ് നിലകൊള്ളുന്നതെന്ന കണക്ക് ആർ.ബി.ഐ.

പുറത്തുവിട്ടത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രി എന്ന നിലയിൽ അങ്ങ് ഈ സഭയോട് പറഞ്ഞിട്ടുള്ളത്, കേരളത്തിന്റെ കടബാദ്ധ്യത എന്നുപറയുന്നത് 3.89 ലക്ഷം കോടി രൂപയാണെന്നാണ്. അതാണ് ഇപ്പോഴത്തെ ഔദ്യോഗികമായ കണക്ക്. പക്ഷേ ഞാൻ മനസ്സിലാക്കുന്നത്, കഴിഞ്ഞമാസം കേന്ദ്രസർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് നിങ്ങൾ നൽകിയ കണക്ക് കിഫ്ബിയുടെ 73638 കോടി രൂപയും അതോടൊപ്പം മറ്റിതര ബാദ്ധ്യതകളും ചേർത്ത് സംസ്ഥാന സർക്കാരിന്റെ കടമാണെന്ന് അംഗീകരിച്ച സ്ഥിതിയുണ്ട്. അങ്ങനെവരുമ്പോൾ ഏകദേശം മറ്റ് ഒരു ലക്ഷം കോടി രൂപകൂടി കേരളത്തിന്റെ ഔദ്യോഗിക കടബാദ്ധ്യതയിലേയ്ക്ക് വരുമ്പോൾ ഏകദേശം 5 ലക്ഷം കോടി രൂപയിലേയ്ക്ക് അടുക്കുകയാണ് കേരളത്തിന്റെ കടബാദ്ധ്യത. ഇത് യഥാർത്ഥത്തിൽ ചർച്ചചെയ്യേണ്ട അടിയന്തര സാഹചര്യമില്ല, ഇത് ഗൗരവ്വമുള്ളതല്ല എന്ന് അങ്ങ് എങ്ങനെയാണ് പറയുന്നത്? കേരളത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ ഏകദേശം 40 ശതമാനത്തോളമാണ് കടമായി പറഞ്ഞിരുന്നതെങ്കിൽ ഈ ഒരു ലക്ഷം കൂടി വർദ്ധിക്കുമ്പോൾ അത് 50 ശതമാനം കടക്കുന്ന സ്ഥിതിയിലേയ്ക്ക് വരും. കാരണം 116000 കോടി രൂപയാണ് റവന്യൂ വരുമാനമായി കാണിച്ചിരുന്നത്. ഇപ്പോൾ ഈ പറഞ്ഞ കിഫ്ബിയുടെ വരുമാനമടക്കം പറയുമ്പോൾ ഏകദേശം 50 ശതമാനത്തിലേയ്ക്ക് ഡെബ്റ്റ് ജി.എസ്.ടി.പി. റേഷ്യോ മാറുന്നുവെന്നത്

ഗൗരവ്വമല്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് എന്തടിസ്ഥാനത്തിലാണെന്ന് എനിക്കറിയില്ല. ഇതിനെല്ലാം കാരണമായി വന്നത് കേന്ദ്രസർക്കാരിൽനിന്ന് നിങ്ങൾക്ക് മാർച്ച് 31-ന് ലഭിച്ച ഒരു കത്താണ്. ആ കത്തിൽ ഓഫ് ബജറ്റ് ബോറോയിംഗ്, ഞാൻ ഇവിടെ പറയുന്നതിൽ രണ്ട് കാര്യമുണ്ട്, ഇടതുപക്ഷ ജനാധിപത്യമന്നണിയെന്നാൽ, പിണറായി ഒന്നാം സർക്കാരും രണ്ടാം സർക്കാരും. ധനകാര്യ മാനേജ്മെന്റിലുണ്ടായ വീഴ്ച നിങ്ങൾ അംഗീകരിക്കാൻ തയ്യാറല്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അങ്ങയുടെ മുൻഗാമിയായിരുന്ന ഡോ. ടി. എം. തോമസ് ഐസക് ആവർത്തിച്ചാവർത്തിച്ച് ഈ നിയമസഭയിൽ പറഞ്ഞിരുന്നത്, കിഫ്ബി കൊണ്ടുവരുന്നതുവഴി ബജറ്റിനുപുറത്ത് കടമെടുക്കുന്നു. കേരളത്തിന്റെ വികസനം സാധ്യമാക്കുന്നു, കേരളത്തിന്റെ കടബാദ്ധ്യതകൾ വരുന്നില്ല. ഞാൻ ചോദിക്കട്ടെ, കിഫ്ബിയുടെ ബാദ്ധ്യത ബജറ്റിനുപുറത്ത് നിൽക്കുന്ന അവസ്ഥയാണ് ഇന്നുള്ളതെന്ന് അങ്ങേയ്ക്ക് ഇന്ന് സഭയിൽ പറയാൻ കഴിയുമോ? കിഫ്ബിയുടെ ബാദ്ധ്യതയും സർക്കാരിന്റെ ബാദ്ധ്യതയാണെന്ന് അങ്ങേയ്ക്ക് കേന്ദ്രസർക്കാരിനുമുന്നിൽ അംഗീകരിക്കേണ്ടിവന്നു. അങ്ങനെ വന്നപ്പോൾ ഈ സർക്കാരിന് കടമെടുക്കാനുണ്ടായിരുന്ന അവസരംകൂടി അങ്ങയുടെ മുൻഗാമി എടുത്തുകൊണ്ടുപോയെന്നത് നിഷേധിക്കാൻ കഴിയുമോ; ആ ധനകാര്യ മാനേജ്മെന്റിന്റെ ആ പോളിസിയുടെപേരിൽ 4000 കോടി രൂപ ഈ സർക്കാരിന്

കടമെടുക്കാനുള്ളത് വെട്ടിക്കുറച്ച കാര്യം അങ്ങേയ്ക്ക് നിഷേധിക്കാൻ കഴിയുമോ? കാരണം കഴിഞ്ഞ സർക്കാരിന്റെകാലത്ത് ആവർത്തിച്ചാവർത്തിച്ച് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിരുന്നത് ഇതൊന്നും നമ്മുടെ ബജറ്റിനെയോ കടമെടുപ്പിനെയോ ബാധിക്കില്ല എന്നുള്ളതാണ്. അതുമാത്രമല്ല, ഞാൻ ചോദിക്കാൻ ആഗ്രഹിക്കുന്ന ഒരു കാര്യം, യു.ഡി.എഫ്. എന്തുകൊണ്ടാണ് കിഫ്ബിയെ ഒബ്ജക്ട് ചെയ്തത്; ഇത് നിലനിൽക്കാൻ പോകുന്നില്ല. ഇത് നിയമവിരുദ്ധമാണ് എന്ന് അന്ന് ഞങ്ങൾ പറഞ്ഞു. ഇത് രണ്ടും നിങ്ങൾ തള്ളിക്കളഞ്ഞു. ഇന്ന് നിങ്ങൾക്ക് കിഫ്ബിയുടെ കടം കേരളത്തിന്റെ ഔദ്യോഗിക കടത്തിന്റെ കൂട്ടത്തിൽ കൂട്ടേണ്ടിവരുമെന്ന് കേന്ദ്രസർക്കാരിനുമുമ്പിൽ അംഗീകരിക്കേണ്ടിവന്നു. മാത്രമല്ല, സാമൂഹ്യനീതിയുടെ വലിയ നിഷേധം നിങ്ങൾ ഈ പ്രക്രിയവഴി ചെയ്തു. നിങ്ങൾ ഇടതുപക്ഷം എന്നാണല്ലോ പറയുന്നത്. നിങ്ങൾ ഓർക്കണം, കിഫ്ബി ഇതുവരെ ചെലവഴിച്ച പണം എന്നുപറയുന്നത് 20301 കോടി രൂപയാണ്. ഏറ്റവും ഒടുവിലത്തെ കണക്ക് എനിക്കറിയില്ല. 20301 കോടി രൂപ കിഫ്ബി ചെലവഴിച്ചപ്പോൾ, നമ്മളൊക്കെ ഇതുവരെ ഫോളോ ചെയ്തിരുന്ന ഒരു പാറ്റേൺ ഉണ്ടായിരുന്നു. ബഹുമാന്യയായ ഇന്ദിരാഗാന്ധി ഈ രാജ്യത്തിന്റെ വികസനത്തിന്, സാമൂഹിക സുരക്ഷ, സാമൂഹിക സമത്വം, സാമൂഹിക നീതി ഉറപ്പാക്കണമെന്നുള്ളതുകൊണ്ടാണ് പ്ലാൻ ഫണ്ടുകൾ വീതം വയ്ക്കുമ്പോൾ രാജ്യത്തെ ദുർബല വിഭാഗങ്ങൾക്കും

പ്രത്യേക വിഭാഗങ്ങൾക്കും ഏകദേശം പത്ത് ശതമാനം തുക ബാക്കിവയ്ക്കണമെന്ന് പറഞ്ഞത്. നിങ്ങൾ 20301 കോടി രൂപ ചെലവാക്കിയപ്പോൾ ഈ ര്യജ്യത്തെ എസ്.സി./എസ്.ടി വിഭാഗങ്ങൾക്കുവേണ്ടി നൽകിയത് 63 കോടി രൂപ മാത്രമാണ്. അതായത് മൊത്തം ചിലവഴിച്ച തുകയുടെ 0.31 ശതമാനം. ഇരുപതിനായിരം കോടി ചിലവാക്കിയപ്പോൾ കാർഷിക മേഖലയ്ക്ക് നൽകിയത് കേവലം 10.99 കോടി രൂപയാണ്. അതായത് 11 കോടി രൂപ. അതായത് നിങ്ങൾ നൽകിയത് 0.05 ശതമാനം. 0.31 ശതമാനമാണ് എസ്.സി./എസ്.ടി വിഭാഗങ്ങൾക്ക് നൽകിയത്. ഇനി പ്രൊപ്പോസ്ഡ് സ്പെന്റിംഗ്, കിഫ്ബി ഇതുവരെ അംഗീകരിച്ച 73638 കോടി രൂപയുടെ പദ്ധതികളുണ്ട്. ഈ പദ്ധതി നിങ്ങൾ അംഗീകരിച്ചപ്പോൾ എസ്.സി./എസ്.ടി വിഭാഗങ്ങൾക്ക് നൽകാൻ ഉദ്ദേശിച്ചിട്ടുള്ളതും മാറ്റിവച്ചിട്ടുള്ളതും കേവലം 182 കോടി രൂപയാണ്. അതായത് വീണ്ടും കുറഞ്ഞു 0.25 ശതമാനം. കാർഷിക മേഖലയ്ക്ക് മാറ്റിവച്ചിട്ടുള്ളത് 21.43 ശതമാനം. അതായത് 0.028 ശതമാനം. കേവലം 21 കോടി രൂപയാണ്. ഇവിടെയാണ് പ്രശ്നം. യഥാർത്ഥത്തിൽ കിഫ്ബിയെന്ന് പറയുമ്പോൾ വിലയ വികസനവും നേട്ടവുമാണെന്ന് പറയുന്നു. പക്ഷേ,

സാമൂഹ്യനീതി അട്ടിമറിക്കപ്പെടുകയാണ്. ഒരു ഇടതുപക്ഷ സർക്കാർ ഇത് ചെയ്യുമ്പോൾ ഈ സഭയിലിരിക്കുന്നവർക്ക് ചോദിക്കാൻ കഴിയണ്ടേ; ഇതാണോ നിങ്ങളുടെ സാമൂഹ്യനീതി; ഇതാണോ നിങ്ങളുടെ സാമൂഹ്യ സമത്വം; ഈ നിലയ്ക്കാണോ നിങ്ങൾ വികസനം അച്ചീവ് ചെയ്യാൻ പോകുന്നത്? അതുകൊണ്ടാണ് ഇടതുസർക്കാറിന്റെ ധനകാര്യ മാനേജ്മെന്റിലുണ്ടായ പാളിച്ച ഞങ്ങൾ പറയുന്നത്. നിങ്ങളുടെ സാമ്പത്തിക നയസമീപനത്തിലുള്ള തെറ്റ്. അതല്ലാതെ ഓഫ് ബജറ്റ് ബോറോയിംഗ് എന്ന കാര്യം മാത്രം പറഞ്ഞ് നിങ്ങൾ രക്ഷപ്പെടാമെന്ന് കരുതേണ്ട. കഴിഞ്ഞ തവണ ഡോ. ടി.എം. തോമസ് ഐസക് അദ്ദേഹത്തിന്റെ അഞ്ച് വർഷംകൊണ്ട് അൻപതിനായിരം കോടി രൂപ സംസ്ഥാനത്ത് ചെലവഴിക്കുമെന്ന് പറഞ്ഞു. എവിടെയാണ്? ദയനീയമായ കാര്യം, എസ്.സി./എസ്.ടി വിഭാഗത്തിന്റെ വകുപ്പുമന്ത്രിയടക്കമുള്ളവർ ഇവിടെ ഇരിക്കുകയാണല്ലോ. നിങ്ങൾ എസ്.സി./എസ്.ടി വിഭാഗത്തിന് കിഫ്ബി പരസ്യത്തിന് ചെലവഴിച്ച തുകയെങ്കിലും നൽകണ്ടേ? പരസ്യത്തിന് ചെലവഴിച്ചത് 70 കോടി രൂപയാണ്. ഇന്ന് 80-82 കോടി രൂപയോളം ചെലവഴിച്ചിട്ടുണ്ട്. നിങ്ങൾക്ക് നിഷേധിക്കാൻ കഴിയുമോ? 82 കോടി രൂപ

എന്തിനാണ് കിഫ്ബി ചെലവഴിച്ചത്? പരസ്യത്തിനാണ് അത് ചിലവഴിച്ചത്. നിങ്ങൾ പിണറായി സർക്കാറിന്റെ പരസ്യം നടത്തുകയായിരുന്നു. ഖജനാവിലെ പണമെടുത്ത് ഒരു ധനകാര്യ സ്ഥാപനത്തിന് നൽകി. ഏതെങ്കിലുമൊരു ഫിനാൻസ് ഡിപ്പാർട്ടുമെന്റ് പരസ്യം ചെയ്യുന്നകാര്യം ഇന്നുവരെ ഞാൻ കണ്ടിട്ടില്ല. ഈ രാജ്യത്തെ കർഷകനും എസ്.സി./എസ്.ടി. വിഭാഗത്തിനും നൽകിയ മൊത്തം തുകയെക്കാൾ കൂടുതൽ കിഫ്ബിയുടെ പരസ്യത്തിനുവേണ്ടി നിങ്ങൾക്ക് ചിലവഴിക്കേണ്ടിവന്നു. ഇതാണ് ഇടതുപക്ഷ സർക്കാറിന്റെ സാമൂഹ്യനീതിയും സാമൂഹ്യബോധമെന്നും പറയുന്നത്. എന്നിട്ട് അഞ്ച് ലക്ഷത്തോളം കടബാധ്യതയായിരിക്കുമ്പോൾ ജി.എസ്.ടി.പി. റേഷ്യോ.., നിങ്ങളിവിടെ പറയുമ്പോൾ എപ്പോഴും ഒരുത്തരം പറയും, മറ്റ് സർക്കാറുകൾ. രാജസ്ഥാൻ സർക്കാർ ചെലവഴിച്ചതിനെതിരെ ആർ.ബി.ഐ റൂൾ ഉണ്ട്, ശരിയാണ്. ഞാൻ അഭിമാനത്തോടുകൂടി പറയും. ആർ.ബി.ഐ ആർട്ടിക്കിളിൽ കൃത്യമായി പറഞ്ഞിട്ടുണ്ട്, രാജസ്ഥാൻ സർക്കാർ കോവിഡ്-19 കലഘട്ടത്തിൽ 7 പ്രത്യേക നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

<u>മി. സ്പീക്കർ</u>: പ്ലീസ്... കൺക്ലൂഡ്.

ഡോ. മാത്യു കുഴൽ നാടൻ: സർ, ഏഴ് പ്രധാനപ്പെട്ട സുരക്ഷാ നടപടികൾ സ്വീകരിച്ചു. കേരളമാകട്ടെ അൻപത് കോടി രൂപയുടെ ഒരെണ്ണം. അതായത് കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകന്.....

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ പ്രസംഗം അവസാനിപ്പിക്കു....

ഡോ. മാത്യു കുഴൽ നാടൻ: സർ, (.....ബഹളം....) കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകന് ഇന്ററസ്റ്റ് സബ്സിഡി നൽകുമത്രേ! അതുകൊണ്ട് ഈ ധനകാര്യ മാനേജ്മെന്റിനും സാമ്പത്തിക സമീപനത്തിലും മാറ്റം വരുത്തിയില്ലെങ്കിൽ കേരളം വലിയ സാമ്പത്തിക കടക്കെണിയിലേയ്ക്ക് പോകുകയും അത് കേരളത്തിന് താങ്ങാൻ പറ്റാത്ത സ്ഥിതിയുണ്ടാകുമെന്നും ഉള്ളതുകൊണ്ടാണ് ഇത് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുന്നത്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ അടിയന്തരപ്രമേയം കേരളത്തിലെ പാവപ്പെട്ടതും അങ്ങേയറ്റം സഹായം ലഭിക്കേണ്ടതുമായ ഒരു വിഭാഗത്തിന് പെൻഷൻ ലഭിക്കുമോയെന്നും കമ്പനി തകർന്നുപോകുമോയെന്നുമുള്ള ആശങ്കയിൽനിന്നും തുടങ്ങിയതാണ്. പക്ഷേ, അദ്ദേഹത്തിന് മുമ്പ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ പോയിട്ട് പറയേണ്ടതും കോടതിയിൽ പറഞ്ഞിട്ട് അവിടെ കേൾക്കാത്തതുമായ

കാര്യങ്ങളെല്ലാം വാദിക്കാനുള്ളൊരു സ്ഥലമായി സഭയെ ഉപയോഗിച്ചുവെന്നത് ദൗർഭാഗ്യകരമായ കാര്യമാണ്. ഇവിടത്തെ പ്രധാന ഇഷ്യൂ ഈ കമ്പനിയെ സംബന്ധിച്ചാണ്. സംസ്ഥാന സർക്കാറിന്റെ ട്രഷറി ബെഞ്ചിനും ധനകാര്യമന്ത്രിയുൾപ്പെടെ എല്ലാ മന്ത്രിമാർക്കും വലിയ ഉത്തരവാദത്വം സമൂഹത്തിനോടുണ്ട്. അതുപോലെ പ്രതിപക്ഷത്തിരിക്കുന്നവർക്കും അതേ ഉത്തരവാദിത്വമുണ്ടെന്ന് വിശ്വസിക്കുന്നയാളാണ് ഞാൻ. ട്രഷറി ബെഞ്ചിന്റെയത്രയും ഉത്തരവാദിത്വമല്ല. പറയുന്നത് സത്യസന്ധമായിരിക്കണം. നാളെ നമ്മളിവിടെ അധികാരത്തിലേയ്ക്ക് വരില്ലെന്ന് കരുതി എന്തും പറയാൻ പാടില്ല. കാരണം നിങ്ങൾക്കും കറക്ട് ചെയ്യാനുള്ള ഉത്തരവാദിത്വമുണ്ട്. കമ്പനിയെ സംബന്ധിച്ച് അങ്ങ് പറഞ്ഞു. കമ്പനി ഗ്യാരണ്ടി നൽകില്ലെന്നാണോ ജി.ഒ.-യിൽ പറയുന്നത്? നമ്മൾ ഒരു കമ്പനി രൂപീകരിച്ചു, ബജറ്റിന്റെ ചില നിയന്ത്രണങ്ങളുണ്ട്, ഫണ്ട് വരുന്നതിനനുസരിച്ചേ നൽകാൻ സാധിക്കൂ. അതുകൊണ്ട് 1,600/- രൂപ പെൻഷൻ നൽകേണ്ടവർക്ക് അത് സമയത്തുതന്നെ നൽകണം. കോവിഡ്-19 സാഹചര്യത്തിൽ എക്സ്ഗ്രേഷ്യാ നൽകിയിട്ടുണ്ട്. അങ്ങനെ

നൽകുന്നതിനുവേണ്ടിയുള്ള ഒരു ലിക്വിഡിറ്റി മാനേജ്മെന്റാണ് ആ കമ്പനി. സ്വാഭാവികമായും ലിക്വിഡിറ്റി മാനേജ്മെന്റ് വരുമ്പോൾ കുറച്ച് പലിശ അധികമാകുന്നുണ്ടാകും. ബജറ്റ് നോംസ് അനുസരിച്ച് ഓരോ മാസവും നൽകുന്നതിന് ലിമിറ്റുണ്ട്. ബഡ്ജറ്റിന്റെ പ്രൊവിഷൻ അനുസരിച്ച് മാത്രമേ നൽകാൻ കഴിയൂ. പലപ്പോഴും ഫണ്ട് കളക്ട് ചെയ്താണ് വരുന്നത്. കേന്ദ്രത്തിൽനിന്ന് നമുക്ക് ലഭിക്കേണ്ട കോമ്പൻസേഷനുണ്ടായിരുന്നു. ഇപ്പോൾ അത് നിർത്തി. കോമ്പൻസേഷൻ സമയത്ത് നൽകിയിരുന്നില്ല. പാവപ്പെട്ടയാളുകൾക്ക് സമയത്ത് പെൻഷൻ നൽകാതിരിക്കാൻ സാധിക്കുമോ? അതിനായി ലിക്വിഡിറ്റി മാനേജ്മെന്റ് എന്നൊരു സംവിധാനമുണ്ടാക്കി. അതിന്റെ പ്രിൻസിപ്പലിനെ ബഹുമാനപ്പെട്ട അംഗം എതിർത്തില്ല, നന്നായി. ജി.ഒ.-യിൽ മൂന്ന് കാര്യങ്ങളാണ് പറഞ്ഞിരിക്കുന്നത്. ആദ്യത്തെ ക്ലോസിൽ പറയുന്നത് Government of Kerala would provide funds to the company. ഇതിനകത്ത് ഇരിക്കുന്നവർക്കെല്ലാം ഇതിന്റെ അർത്ഥം മനസ്സിലാകും ഗവൺമെന്റ് ഓഫ് കേരള ആ കമ്പനിക്കാവശ്യമായ ഫണ്ട് നൽകുമെന്നാണ്. ഏത് interpretation of statutes-ഉം interpretation of Law-ഉം അനുസരിച്ചാണ്

അങ്ങനെയല്ലെന്ന് പറയുന്നത്? ഗവൺമെന്റ് അത് നൽകും. ക്ലോസ് 3-ലെ ആദ്യ വാക്യത്തിൽ തന്നെ പറയുന്നു; Anticipated expenditure for social security pension would be provided through budget every year. ഇത് ജി.ഒ.-യ്ക്ക് അകത്തുള്ളതാണ്. നമ്മൾ ചർച്ച ചെയ്യുകയും ഇവിടെ അവതരിപ്പിക്കുകയും ചെയ്ത ബജറ്റിൽ സോഷ്യൽ സെക്യൂരിറ്റി പെൻഷനുവേണ്ടിയുള്ള തുക മാറ്റി വച്ചിട്ടുണ്ട്.

ഡോ. മാത്യു കുഴൽ നാടൻ: സർ, ഒരു സെക്കന്റ്...

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഒരു സെക്കന്റുമില്ല. ഇത് കഴിഞ്ഞുപറയാം.

മി. സ്പീക്കർ: അദ്ദേഹം വഴങ്ങുന്നില്ല.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, നമ്മൾ ഇവിടെ അവതരിപ്പിച്ച ബജറ്റിൽ പറഞ്ഞിട്ടുണ്ട്. ജി.ഒ.-യിലുള്ള കാര്യമാണ് പറയുന്നത്. Anticipated expenditure for social security pension. മാറ്റി വച്ചിട്ടുള്ള തുക ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ളതാണ്. തുക നൽകുമെന്ന് ജി.ഒ.-യിൽ പറഞ്ഞിട്ടുണ്ട്. ഇക്കാര്യങ്ങളെല്ലാം വളരെ കൃത്യമായി പറഞ്ഞിട്ടുള്ള ജി.ഒ.-യിൽ ഗവൺമെന്റ് ഗ്യാരണ്ടി നൽകില്ലെന്നാണ് ഇവിടെ പറയുന്നത്. ഗവൺമെന്റ് ഗ്യാരണ്ടി

നൽകുന്നുണ്ട്. ഗ്യാരണ്ടിയിൽ നിന്നും പുറകോട്ട് പോയിട്ടില്ല. മാത്രമല്ല ഇൻഡസ്ട്രീസ് വകുപ്പിന്, ഇലക്ട്രിസിറ്റി ബോർഡിന്റെ ലോണിന് ഉൾപ്പെടെ പലതിനും ഗ്യാരണ്ടി നൽകുന്നുണ്ട്. ഇവിടെയും ഗ്യാരണ്ടി നൽകുന്നുണ്ട്. സർക്കാറിന്റെ സ്വാവറിൻ ഗ്യാരണ്ടി. കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും നൽകുന്ന സ്വാവറിൻ ഗ്യാരണ്ടിയാണ്. സ്വാവറിൻ ഗ്യാരണ്ടിയെന്നു പറഞ്ഞാൽ ലോകത്തേറ്റവും റെസ്പോൺസിബിളായിട്ടുള്ള ഗ്യാരണ്ടിയാണ്. ആ ഗ്യാരണ്ടി പൊളിയണമെങ്കിൽ രാജ്യം തകർന്നുപോകണം. കേരളത്തിലെ തൊണ്ണൂറ് വയസുള്ള പാവപ്പെട്ട വൃദ്ധജനങ്ങളെ ആശങ്കപ്പെടുത്താൻ വേണ്ടിയല്ല ഈ ഫ്ലോർ ഉപയോഗിക്കേണ്ടത്. അതേസമയം നമ്മൾ ചർച്ച ചെയ്യേണ്ട കാര്യവുമുണ്ട്, കേന്ദ്ര ഗവൺമെന്റ് സംസ്ഥാനങ്ങളുടെ ലോണുകളെ പിടിക്കാൻ വേണ്ടി... അദ്ദേഹത്തിന് ചില ലെറ്ററുകൾ ലഭിക്കുന്നുണ്ടാകും. ഞാനും ഈ സഭയിൽ കുറച്ചുകൂടി ഡീറ്റെയ്ൽസുമായി വരുന്നുണ്ട്. സംസ്ഥാന ഗവൺമെന്റുകളുടെ ധനകാര്യാവകാശത്തെ വെട്ടിക്കുറയ്ക്കുന്ന തരത്തിലേക്ക് കേന്ദ്ര ഗവൺമെന്റ് എൻ.എച്ച്.എ.ഐ.-ക്കും മറ്റുള്ള കാര്യങ്ങൾക്കും രണ്ടോ മൂന്നോ ലക്ഷം കോടി രൂപ എടുത്തിട്ടുണ്ട്. അതൊന്നും ഓഫ് ബഡ്ജറ്റ് ബോറോയിംഗായി

കരുതുന്നില്ല. ഞങ്ങളുടെ ധനകാര്യത്തെ ബാധിക്കുന്നില്ലെന്ന് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി പാർലമെന്റിൽ നൽകിയ മറുപടിയുണ്ട്. ഞാൻ കഴിഞ്ഞൊരു സഭയിൽ സൂചിപ്പിച്ചു. ഇന്നും ആ ചോദ്യങ്ങളെ സംബന്ധിച്ച് നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങൾ വന്നിരുന്നു. പക്ഷേ ഈ ഫ്ലോറിൽ എടുത്തില്ല. കേന്ദ്ര ഗവൺമെന്റിന്റെ നിലപാട് അതാണ്. പക്ഷേ സംസ്ഥാനങ്ങൾ കടമെടുക്കാൻ പാടില്ലെന്നുപറഞ്ഞ് കൊണ്ടുവരുന്ന കൺട്രോളാണ്. അതിന്റെ ഭാഗമായി കാര്യങ്ങൾ വരുന്നു. സോഷ്യൽ സെക്യൂരിറ്റി പെൻഷനല്ല, കിഫ്ബി അടക്കം. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ വിശദമായി പറഞ്ഞതെല്ലാം കിഫ്ബിയുടെ കാര്യങ്ങളാണ്. രാജസ്ഥാനിലെ ഏഴ് കാര്യങ്ങളെക്കുറിച്ച് അദ്ദേഹം ഇവിടെ പറഞ്ഞു. മറ്റൊരു സംസ്ഥാന ഗവൺമെന്റിനെക്കുറിച്ചും ഞാനിവിടെ പറയുന്നില്ല. പരസ്യംകൊടുക്കുന്നതിനെക്കുറിച്ച് ഇവിടെ പറഞ്ഞു. തൃക്കാക്കര ഉപതെരഞ്ഞെടുപ്പ് സമയത്ത് അവിടെയുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഫുൾപേജ് പരസ്യം എത്രദിവസമാണ് കേരളത്തിൽ വന്നത്. ഇന്ത്യയിലാകെ വന്നു, അത് നല്ലത്. അതൊരു പൊളിറ്റിക്കൽ ക്യാമ്പയിനായിരിക്കും. പക്ഷേ, മെഡിസെപ്പ് ഉൾപ്പെടെയുള്ള പദ്ധതി നടപ്പാക്കിയെങ്കിലും കേരളത്തിൽനിന്നും അങ്ങനെയൊരു പരസ്യം അഖിലേന്ത്യാടിസ്ഥാനത്തിൽ

നടത്തിയിട്ടില്ല. അത് നടത്തേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. പക്ഷേ പണമെടുത്തിട്ട് വേണ്ടെന്ന് കരുതിയാണ്. പിന്നീടത് ചെയ്യേണ്ടിവരും... ഞങ്ങളെ ബോധ്യപ്പെടുത്തുന്നതിൽ കുഴപ്പമില്ല. ഞങ്ങൾ വേണ്ട കാര്യങ്ങൾ ബോധ്യപ്പെട്ടുകൊള്ളാം. ശ്രീ. സച്ചിൻ പൈലറ്റിനെയെങ്കിലും ബോധ്യപ്പെടുത്താൻ അവിടത്തെ മുഖ്യമന്ത്രിക്ക് കഴിയണ്ടേ. അവിടെയുള്ള ഉപമുഖ്യമന്ത്രിയെത്തന്നെ ബോധ്യപ്പെടുത്താൻ കഴിയുന്നില്ല. ആരെയാണ് നിങ്ങൾ ബോധ്യപ്പെടുത്തുന്നത്? കേരളത്തിൽ 5 വർഷക്കാലം യു.ഡി.എഫ്. കൊടുത്തത് 9311 കോടി രൂപയാണെങ്കിൽ അഞ്ച് വർഷംകൊണ്ട് പിണറായി സർക്കാർ കൊടുത്ത് 35157 കോടി രൂപയാണ്. കഴിഞ്ഞവർഷം അതിനേക്കാൾ വലിയ തുകയാണ് കൊടുക്കുന്നത്. 57 ലക്ഷം കുടുംബങ്ങൾക്കാണ് പെൻഷൻ കൊടുക്കുന്നതെങ്കിൽ 42 ലക്ഷം കുടുംബങ്ങൾക്കാണ് സ്റ്റേറ്റ്ഹെൽത്ത് അതോറിറ്റി വഴി അഞ്ചുലക്ഷം രൂപവരെ ഒരു വർഷം ചികിത്സയ്ക്ക് മാറ്റിവച്ചിരിക്കുന്നത്. ഇതുപോലെ എന്തെല്ലാം കാര്യങ്ങളാണുള്ളത്. കിഫ്ബിയുടെ കാര്യം ഇവിടെ പറഞ്ഞു. കിഫ്ബിയെടുത്തത് 73000 കോടി രൂപയാണ്. അദ്ദേഹമടക്കമുള്ള എല്ലാ എം.എൽ.എ.മാരുടെ സ്ഥലത്തും കിഫ്ബി പ്രോജക്ടുകളുണ്ട്. ഇന്നത്തെ

സബ്മിഷനിൽ ഇക്കാര്യം വരുന്നുണ്ട്. 73000 കോടി രൂപ പ്രോജക്റ്റിൽ 20000 കോടി രൂപ വരെയുള്ള ഫണ്ട് മാത്രമേ വന്നിട്ടുള്ളൂ. 13000 കോടി രൂപ ഗവൺമെന്റിൽനിന്ന് ആ സ്കീമിന് കൊടുത്തതാണ്. ഇതൊന്നും ചെയ്യേണ്ട എന്നുള്ള തരത്തിലാണ് പറഞ്ഞത്. കിഫ്ബിയുടെ കാര്യത്തിൽ, കേരളത്തിലെ സ്കൂളുകളുടെ നിലവാരം, ആ സ്കൂളിൽ പഠിക്കുന്നവർ.. എല്ലാ മണ്ഡലത്തിലുമില്ലേ....; കേരളത്തിൽ എസ്.സി./എസ്.ടി. വിഭാഗത്തിന് ബഡ്ജറ്റിൽ വച്ചിട്ടുള്ള പ്ലാനിന്റെ കണക്ക് വന്നു. ജനസംഖ്യയെക്കാൾ കൂടുതൽ ഫണ്ട് ശതമാനം മാറ്റിവച്ചിട്ടുള്ള സംസ്ഥാനമാണ് കേരളം. കഴിഞ്ഞ പ്ലാൻ ഡോക്യുമെന്റ് നോക്കിയാൽ മതി. അതിൽ ജനസംഖ്യയെക്കാൾ ഒന്നരശതമാനത്തോളം, (12.6 ശതമാനം).... എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കുവേണ്ടി, അവരുടെ ജനസംഖ്യയെക്കാൾ കൂടുതൽ പണം മാറ്റിവച്ചുവെന്നതാണ് കേരള പ്ലാനിന്റെ ഒരു ഹൈലൈറ്റ്. അത് പബ്ലിക് ഡോക്യുമെന്റായതിനാൽ നിങ്ങൾക്ക് എല്ലാവർക്കും വായിക്കാം. അതിനാൽ തെറ്റിദ്ധരിപ്പിക്കുന്ന കാര്യങ്ങൾ പറയരുത്. കിഫ്ബി പദ്ധതിയെന്നൊരു മോഡലിനെ തകർക്കാനുള്ള ശ്രമം നടക്കുന്നുണ്ട്. സംസ്ഥാനത്തിന്റെ ധനകാര്യ സ്വാതന്ത്ര്യത്തെ തകർക്കാനുള്ള ശ്രമമുണ്ട്. ഇതൊന്നും തകർക്കാൻ

ആരെയും അനുവദിക്കാൻ കഴിയില്ല. ഇതൊരു ഫിസ്കൽ ഫെഡറലിസമാണ്. കേരളമെന്നത് സ്വതന്ത്രമായ പല അവകാശങ്ങളുമുള്ള സംസ്ഥാനമല്ലേ; ഫിസ്കൽ ഫെഡറലിസത്തിന്റെ പ്രശ്നം കേന്ദ്രത്തിനുമുമ്പിൽ അവതരിപ്പിക്കുന്നുണ്ടോ; പല എഴുത്തുകുത്തുകളും കാര്യങ്ങളും വരുന്നുണ്ട്. ഈ സമ്മേളനത്തിൽത്തന്നെ വീണ്ടും ചർച്ചചെയ്യേണ്ടി വരും. ഇതിൽ പ്രതിപക്ഷമെന്നോ ഭരണപക്ഷമെന്നോയെന്നതല്ല, ഇത്തരം വലിയ പദ്ധതികളെല്ലാം വരുന്നത് പൊതുവിൽ നമുക്ക് സൗകര്യത്തിനുവേണ്ടിയല്ലേ; അതിനാൽ അങ്ങനെയൊരു കാര്യം പറഞ്ഞ് ഇത് തടസ്സപ്പെടുത്തുന്നത് ശരിയായ നടപടിയല്ല. അങ്ങ് ഉന്നയിച്ച ആശങ്ക യാതൊരു അടിസ്ഥാനവുമില്ലാത്തതാണ്. ഇക്കാര്യങ്ങൾ ഞാൻ കൂടുതൽ സമയമെടുത്ത് സംസാരിക്കുന്നില്ല. അങ്ങയെ വ്യക്തിപരമായും പറയാൻ ഞാൻ സമയമെടുക്കുന്നില്ല. ഗവൺമെന്റ് ഓർഡറിൽ വളരെ കൃത്യമായി പറയുന്ന പ്രൊവിഷനുകളെക്കുറിച്ച് ഞാനിവിടെ പറഞ്ഞു (പ്രസ്തുത പേപ്പറുകൾ ഉയർത്തിക്കാട്ടി). ഇവിടെ പറഞ്ഞ കാര്യങ്ങളെല്ലാമുള്ളതുകൊണ്ട് ഗവൺമെന്റിന് ഗ്യാരന്റിയുണ്ട്. ഇത് തടയുന്നില്ല. രാഷ്ട്രീയമായും വ്യക്തിപരമായും ആർഗ്യുമെന്റുകൾ പറയുമ്പോൾ, അദ്ദേഹം പറഞ്ഞു

കണക്കപ്പിള്ള എന്നുള്ള നിലയിൽ സംസ്ഥാന സർക്കാരിന്റെ കാര്യങ്ങൾ വളരെ വ്യക്തമായും സുതാര്യമായും പറയണം. ഞാനിവിടെ വളരെ കൃത്യമായും സുതാര്യവുമായാണ് പറയുന്നത്. വാദിക്കുന്ന പ്രതിഭാഗം വക്കീലിന്റെ വാദംപോലെ സംസ്ഥാനത്തെ ധനകാര്യതാൽപ്പര്യത്തെ മാത്രമല്ല, ഭാവിയെ ബാധിക്കുന്ന തരത്തിലേയ്ക്ക് കേന്ദ്രത്തിന്റെ ചില ഉദ്യോഗസ്ഥർ, ഞാൻ ആകെ പറയുന്നില്ല. പൊതുവിൽ കേന്ദ്രഗവൺമെന്റ് അങ്ങനെയാണെന്ന് പറയുന്നില്ല. കേന്ദ്രത്തിലെ ബി.ജെ.പി. ഗവൺമെന്റ് സംസ്ഥാനങ്ങളോടെടുക്കുന്ന നിലപാടുകളെപ്പറ്റി ശക്തമായ വിമർശനം ഞങ്ങൾ പറയുന്നതിന്റെ ഭാഗമാണ്. ഇതുതന്നെയാണ് രാജസ്ഥാനിലെയും മന്ത്രിയും പഞ്ചാബിലെ ആം ആത്മി ഗവൺമെന്റിന്റെ പ്രതിനിധിയും ഡൽഹിയുൾപ്പെടെയുള്ള മറ്റ് പല സംസ്ഥാനങ്ങളും കൗൺസിൽ യോഗത്തിൽ പറഞ്ഞത്. എല്ലാ സംസ്ഥാനങ്ങളും പറഞ്ഞൊരു കാര്യമുണ്ട്, കടമെടുക്കാനുള്ള പരിധി വർദ്ധിപ്പിക്കണമെന്ന്. അതുപോലെ ജി.എസ്.ടി. കൗൺസിലിൽ അവർ പറഞ്ഞത്, സംസ്ഥാനങ്ങൾക്ക് കിട്ടുന്ന വിഹിതം വർദ്ധിപ്പിക്കണമെന്നാണ്. ഞാൻ കഴിഞ്ഞ ദിവസം പറഞ്ഞു, ആകെ രാജ്യത്ത് കിട്ടുന്ന വരുമാനത്തിന്റെ 64 ശതമാനവും കേന്ദ്രഗവൺമെന്റാണ്

കളക്ട് ചെയ്യുന്നത്. എന്നാൽ ആകെ രാജ്യത്തുണ്ടാകുന്ന ചെലവിന്റെ 63 ശതമാനവും സംസ്ഥാനങ്ങളാണ് ചെലവാക്കേണ്ടത്. 2/3 of the total revenue കളക്ട് ചെയ്യുന്നത് കേന്ദ്രം, 2/3 of the expenditure സ്റ്റേറ്റുകൾ ക്ലിയർ ചെയ്യണം. അങ്ങനെ ഇത്രയും പണം കിട്ടുന്ന സംസ്ഥാനങ്ങൾക്ക് കൊടുക്കുന്നില്ല, അക്കാര്യം നേരത്തെ നമ്മൾ ചർച്ച ചെയ്തില്ലേ; 3.95 ശതമാനം; നൂറുരൂപ ചെലവാക്കുകയാണെങ്കിൽ 3 രൂപ 95 പൈസ പതിനഞ്ചുവർഷം മുമ്പ് കേരളത്തിന് നൽകിക്കൊണ്ടിരുന്നെങ്കിൽ, ഇന്ന് 100 രൂപ കേന്ദ്രം ചെലവാക്കുമ്പോൾ അതിൽ നിന്നും 1 രൂപ 92 പൈസയാണ് നൽകുന്നത്. നമ്മുടെ പകുതി പൈസ പോയി; എവിടെപ്പോയി ഡോ. മാത്യു കുഴൽനാടന്റെ ധാർമ്മികത; കേരളത്തിനോട് താൽപ്പര്യമുണ്ടെങ്കിൽ അത്തരമൊരു പ്രമേയമല്ലേ വേണ്ടത്? കേന്ദ്രത്തിൽനിന്ന് വരുന്ന കത്ത്, ഞാനിവിടെ വയ്ക്കേണ്ട സമയത്ത് വയ്ക്കാം. കേന്ദ്രത്തിൽനിന്ന് വരുന്ന കത്ത് രഹസ്യമായി കിട്ടുന്നുണ്ടാകും. അത് വലിയ മിടുക്കൊന്നുമല്ല. ഏത് സാധനവും കിട്ടും. കേന്ദ്രത്തിൽനിന്നും വരുന്ന ഒരു കത്ത് എടുത്തുകൊണ്ടുവരുന്നതാണ്; ഞങ്ങളുടെ ***+ അവിടെനിന്നും അയച്ചിട്ടുണ്ട്, ഇത് കണ്ടില്ലേ എന്നരീതിയിൽ, നിങ്ങളുടെ *** കേന്ദ്രഗവൺമെന്റ്?....(ബഹളം)... ഞാൻ

+ *** ബഹുമാനപ്പെട്ട മന്ത്രി പിൻവലിച്ചു

പറഞ്ഞത് പറഞ്ഞതാണ്. ഞാൻ പാർലമെന്ററിയല്ലാത്ത ഒരു കാര്യവും പറഞ്ഞിട്ടില്ല. ഞാൻ പറഞ്ഞത് ബി.ജെ.പി.യുടെ വക്കീലായതുകൊണ്ടാണ്. തുടർന്നുപറയാം, ബി.ജെ.പി.-യുടെ കേന്ദ്രഗവൺമെന്റിന്റെ വക്കീലായതുകൊണ്ടാണ് ഞാൻ പറഞ്ഞത്.

<u>മി. സ്പീക്കർ</u>: *** എന്ന വാക്ക് അൺപാർലമെന്ററിയല്ല.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, *** എന്ന വാക്ക് ഞാൻ മാറ്റുന്നു; കേന്ദ്ര ഗവൺമെന്റിന്റെ വക്കീലാകരുതെന്നാണ് ഞാൻ പറഞ്ഞത്. അങ്ങനെ പറയാൻ പാടില്ല. സംസ്ഥാനത്തെ ശ്വാസം മുട്ടിക്കുന്നത്/ഇല്ലാതാക്കുന്നത്, ഈ ഗവൺമെന്റ് ഏതെങ്കിലും മണ്ഡലത്തോട് വേർതിരിവ് കാണിച്ചിട്ടുണ്ടോ; കിഫ്ബി പദ്ധതിയുടെ ആകെ കണക്കെടുത്താൽ ഞാൻ പറയുന്ന, യു.ഡി.എഫ്.-ന്റെ ഭാഗത്തിരിക്കുന്ന എം.എൽ.എ.-മാരുടെ മണ്ഡലത്തിൽ, എൽ.ഡി.എഫ്. മണ്ഡലത്തിൽ ലഭിച്ചതിനെക്കാൾ കൂടുതൽ ഫണ്ട് കിട്ടിയിട്ടുണ്ട്. അങ്ങനെ നമ്മൾ പറയാൻ പാടില്ല. കിഫ്ബിയല്ല പ്രധാന വിഷയമെങ്കിലും ഞാൻ പറയുകയാണ്. സംസ്ഥാനത്തെ ഗവൺമെന്റിനെയും അതുവഴി ജനങ്ങളെയും ബാധിക്കുന്ന തരത്തിലേയ്ക്ക് കാര്യങ്ങൾ പറയരുതെന്നുള്ളത് മാത്രമാണ് എനിക്ക്

വിനീതമായി അപേക്ഷിക്കാനുള്ളൂ. അങ്ങനെ പറയുന്നത് ശരിയല്ല. അങ്ങ് ഇവിടെ പറഞ്ഞ ആശങ്കയുടെ കാര്യമില്ല. പക്ഷേ കേന്ദ്രത്തിൽനിന്നും പണം കിട്ടാനുള്ള ശക്തമായ പോരാട്ടം ഒരുമിച്ച് നമ്മൾ നടത്തണം. ഇക്കാര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇവിടെ നൽകിയ നോട്ടീസിലില്ലാത്ത കാര്യങ്ങൾ പറഞ്ഞുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ചപ്പോൾ ആദ്യം പറഞ്ഞത്. സർക്കാരിന്റെ തെറ്റായ ധനകാര്യ മാനേജ്മെന്റിന്റെ പരിണിത ഫലമായി സംസ്ഥാനം നിലവിൽ അഭിമുഖീകരിക്കുന്ന ഗുരുതര സാമ്പത്തികപ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ധൂർത്തും ദുർച്ചെലവും നിയന്ത്രിക്കാതെ കെ.എസ്.എസ്.പി.എൽ.-ന്റെ തിരിച്ചടവ് ബാദ്ധ്യതകളിൽനിന്ന് പിന്മാറുന്നതുമുൾപ്പെടെയുള്ള കാര്യങ്ങളാണ്. നോട്ടീസിലെ

വിശദീകരണക്കുറിപ്പിലുള്ള കാര്യങ്ങൾ മാത്രമാണ് അദ്ദേഹം പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രി വളരെ പൊട്ടിത്തെറിച്ചും സ്വല്പം പരിധികടന്നും സംസാരിച്ചതാണ് എന്നെ അത്ഭുതപ്പെടുത്തിയത്. അത് സാരമില്ല, അദ്ദേഹത്തിന് അതിനുള്ള സ്വാതന്ത്ര്യമുണ്ട്. ഞങ്ങളിവിടെ ശ്രദ്ധയിൽപ്പെടുത്തുന്ന കാര്യം എന്താണ്? സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കൊടുക്കാൻ 2018-ൽ, സർക്കാർ ഉത്തരവിലൂടെ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന സംവിധാനമുണ്ടാക്കുന്നു. അത് എന്തിനാണ്? ബഡ്ജറ്റ് പ്രൊവിഷനിൽ വരാതെ ബഡ്ജറ്റിന് പുറത്തുള്ള എക്സ്ട്രാ ബഡ്ജറ്ററി സംവിധാനമാണ്. സംസ്ഥാനം എടുക്കുന്ന പൊതുകടത്തിനകത്ത് ഇത് വരില്ല. കേന്ദ്രഗവൺമെന്റിൽ കടത്തിന് നിയന്ത്രണമുള്ളതുകൊണ്ട് കിഫ്ബിയുണ്ടാക്കിയതുപോലെ, കിഫ്ബിയുണ്ടാക്കിയ ഫോർമാറ്റല്ലെങ്കിലും വേറെയൊരു മെക്കാനിസത്തിലൂടെ കടമെടുക്കാനുള്ള സംവിധാനമുണ്ടാക്കുന്നു. കടമെടുക്കാനായി സർക്കാർ ഒരു സംവിധാനമുണ്ടാക്കുമ്പോൾ അത് കടമെടുത്തുകഴിഞ്ഞാലുള്ള എല്ലാ ഗ്യാരന്റിയും സപ്പോർട്ടും ചെയ്യുമെന്നാണ് 2018-ലെ ഉത്തരവിലുണ്ടായിരുന്നത്. ഇപ്പോൾ ഇറക്കിയിരിക്കുന്നത് ആ

ഓർഡറിലേയ്ക്കുള്ള അമെന്റ്മെന്റാണ്. ആദ്യത്തെ അമെന്റ്മെന്റ് ഞാൻ വായിക്കാം. ഓർഡറിൽ പറഞ്ഞിരുന്നത്,

'The company would also source funds on temporary basis from other sources to meet its liquidity requirements, which would be serviced by the assistance provided by the Government through its budget.' ആ വാചകം അങ്ങനെതന്നെ എടുത്തുമാറ്റി. അതായത് 'which would be serviced by the assistance provided by the Government through its budget.' ഇനിമുതൽ ഗവൺമെന്റ് ബഡ്ജറ്റിലൂടെ ഒരു പൈസയും അവർക്ക് കൊടുക്കില്ലെന്നാണ്.

രണ്ട്, The Government would bear the repayment liabilities of the Company arising on account of pension disbursement. അതായത് പെൻഷൻ ഡിസ്ബേഴ്സ്മെന്റ് റീപേയ്മെന്റിൽ കമ്പനിക്കുണ്ടാകുന്ന മുഴുവൻ ലയബിലിറ്റിയും ഗവൺമെന്റ് ബെയർ ചെയ്യും എന്നാണ് ഓർഡറിലെ സെന്റൻസ്. ആ സെന്റൻസ് അങ്ങനെതന്നെ എടുത്തുമാറ്റി. അതായത് ഇനിമുതൽ ഗവൺമെന്റ് പെൻഷൻ ഡിസ്ബേഴ്സ്മെന്റിന്റെ ഒരു ലയബിലിറ്റിയും ബെയർ ചെയ്യില്ല. പിന്നെ ആര് ചെയ്യും; അവിടത്തെ

എം.ഡി. ചെയ്യുമോ; അവിടത്തെ ഡയറക്ടർ ബോർഡ് അംഗങ്ങൾ ചെയ്യുമോ; ഈ കമ്പനിയിലെ ജീവനക്കാർ ചെയ്യുമോ; ആര് ചെയ്യും? കമ്പനിക്ക് ലയബിലിറ്റി വന്നാൽ, ആര് കൊടുക്കും? ഈ അമെന്റ്മെന്റാണ് ഇതിൽ വന്നിരിക്കുന്നത്. ഇതൊക്കെ പറയുമ്പോൾ അങ്ങ് ശ്രദ്ധിക്കണ്ടേ? മൂന്ന്, 'Company would raise funds from public, Public Sector Undertakings and other institutions through suitable financial instruments including deposits & loans,' എന്നാണ് സർക്കാർ ആദ്യം ഉത്തരവിറക്കിയത്. എടുത്തുമാറ്റിയിരിക്കുന്ന വാക്യം, Which would be serviced/ redeemed with the funds provided by the Government through its budget. ഗവൺമെന്റ് ഇനി കൊടുക്കില്ല. പിന്നെ ആര് കൊടുക്കും; എന്തിനാണ് ഇങ്ങനെയൊരു ഗവൺമെന്റ് ഉത്തരവ്; Social security pension കൊടുക്കാൻ ഒരു മെക്കാനിസമുണ്ടാക്കുന്നു. ആ മെക്കാനിസത്തിലുള്ള കമ്പനിയുണ്ടാക്കുന്ന ഒരു ലയബിലിറ്റിയും... പ്രൈവറ്റ് കമ്പനിയല്ല, ഗവൺമെന്റ് കമ്പനിയാണെന്ന് പറയുന്നു, ആ കമ്പനിയുണ്ടാക്കുന്ന ഒരോ ലയബിലിറ്റിയും ബഡ്ജറ്റിലൂടെയും കൊടുക്കില്ല, അല്ലാതെയും കൊടുക്കില്ലെന്ന് ഗവൺമെന്റ് ഡിക്ലയർ ചെയ്യുമ്പോൾ, ഈ കേരളത്തിലെ 47

ലക്ഷം വരുന്ന social security pension-ന്റെ ബെനഫിഷ്യറീസിന്റെ കാര്യം ഭാവിയിൽ എന്തായിരിക്കുമെന്ന് ഈ സഭയിൽവന്ന് ചോദിക്കാതെ പിന്നെ ഞങ്ങൾ എവിടെപ്പോയി ചോദിക്കും? അത് മനസ്സിലാക്കണം. അതാണിവിടെ ഉയർത്തിയ ചോദ്യം. ഏത് സാഹചര്യത്തിലാണിത് വന്നിരിക്കുന്നത്. സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രാഥമിക കടമയായ പെൻഷൻ വിതരണം കമ്പനിയെ ഏൽപ്പിച്ച് കമ്പനിക്ക് മുഴുവൻ പിന്തുണ കൊടുക്കുമെന്ന് പറഞ്ഞിട്ട്, ഒരു സുപ്രഭാതത്തിൽ ആ കമ്പനിക്ക് സർക്കാർ കൊടുക്കുന്ന മുഴുവൻ പിന്തുണയും പിൻവലിച്ച് ഗവൺമെന്റ് ഉത്തരവ് ഇറക്കുമ്പോൾ ഞങ്ങളത് ചോദിക്കണ്ടേ; ചോദ്യം ചെയ്യണ്ടേ; ഈ എക്സ്ട്രാ ബഡ്ജറ്ററി കടമെടുപ്പ് അപകടത്തിലാകുമെന്ന് ഞങ്ങൾ നേരത്തേ മുന്നറിയിപ്പ് കൊടുത്തിട്ടുണ്ട്. കാരണം ഇതെല്ലാം ബഡ്ജറ്റിൽ വരാതെ ബഡ്ജറ്റിനുപുറത്ത് കടമെടുത്താൽ, ഗവൺമെന്റ് കിഫ്ബിക്കെല്ലാം സോവറിൻ ഗ്യാരന്റി കൊടുക്കുന്നതാണ്. ഗവൺമെന്റ് കൊടുക്കുന്ന സോവറിൻ ഗ്യാരന്റി കൊടുത്തുകഴിഞ്ഞാൽ, ലയബിലിറ്റി ഈ സ്ഥാപനത്തിന് വന്നുകഴിഞ്ഞാൽ ആ ലയബിലിറ്റിയെല്ലാം അവസാനം ബഡ്ജറ്റിലേയ്ക്കുതന്നെ വരും. നമ്മുടെ ബാദ്ധ്യതയാകും. സ്റ്റേറ്റിന്റെ

ലയബിലിറ്റിയായി മാറും. പുറത്ത് കടമെടുക്കുന്നതിൽ അർത്ഥമില്ലാതെയാകും. ഇപ്പോൾ അതാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. പതിമൂന്നായിരം കോടി രൂപ കൊടുത്തത് കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നാണെന്ന് അങ്ങ് പറഞ്ഞു. സാധാരണ ബഡ്ജറ്റ് പ്രൊവിഷനാകേണ്ട പണത്തിൽ നിന്നാണ് പതിമൂന്നായിരം കോടി രൂപ, കിഫ്ബിയിൽ ആകെയുള്ളത് ഇരുപത്തിമൂന്നായിരം കോടി രൂപ. അതിൽ പതിനായിരത്തിലധികം കോടി രൂപ കൊടുത്തിരിക്കുന്നത് കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നാണ്, ടാക്സിൽ നിന്നാണ്. അപ്പോൾ കിഫ്ബി വഴി നിങ്ങൾക്ക് ഔദാര്യം തന്നുവെന്ന് പറയുന്നതിൽ എന്താണർത്ഥം. നിങ്ങളുടെ നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി ഔദാര്യം തന്നുവെന്ന്. നിയോജകമണ്ഡലത്തിലെ ജനങ്ങൾ കൊടുക്കുന്ന നികുതിയല്ലേ. അത് ബഹുമനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ നിയോജകമണ്ഡലത്തിലും ബഹുമാനപ്പെട്ട അംഗം ഡോ. മാത്യു കുഴൽനാടന്റെ മണ്ഡലത്തിലും രണ്ട് നികുതിയാണോ ഉള്ളത്, അല്ലല്ലോ. അങ്ങയെ ജയിപ്പിച്ച ജനങ്ങൾ കൊടുക്കുന്ന നികുതിയും ഡോ. മാത്യു കുഴൽനാടനെ ജയിപ്പിച്ച ജനങ്ങൾ കൊടുക്കുന്ന നികുതിയുമൊന്നാണ്. ആ നികുതിയാണ് കൺസോളിഡേറ്റഡ്

ഫണ്ട്, സഞ്ചിതനിധി. ആ സഞ്ചിതനിധിയിൽനിന്നും പതിനായിരം കോടി രൂപ മുടക്കിയത്, നിങ്ങളുടെ നിയോജകമണ്ഡലത്തിൽ ഔദാര്യം കിട്ടിയില്ലേ എന്നുചോദിച്ചാൽ, അങ്ങത് ചോദിക്കാൻ പാടില്ലായിരുന്നു എന്നാണ് എനിക്ക് പറയാനുള്ളത്. 2022-23 വർഷം ഏറ്റവും കൂടുതൽ ഫണ്ട് വിതരണം നടത്തേണ്ടി വരുമെന്നാണ്. ഈ പണം കുറഞ്ഞപ്പോൾ സർക്കാർ എന്താണ് ചെയ്തത്. രണ്ടുലക്ഷം വരെയുള്ള മോട്ടോർ വാഹനങ്ങളുടെ ഒറ്റത്തവണ നികുതി ഒരു ശതമാനം കൂടി വർദ്ധിപ്പിച്ചു. കിഫ്ബിക്കുവേണ്ടിയാണ്. കിഫ്ബി വരുത്തുന്ന ബാദ്ധ്യത അത് വീണ്ടും ജനങ്ങളുടെ തലയിൽ കെട്ടിവയ്ക്കുകയാണ്. സാധാരണക്കാരന്റെ തലയിൽ നികുതി ഭാരമായി കെട്ടിയിറങ്ങുകയാണ്. അതാണ് ഞങ്ങൾ ചോദ്യം ചെയ്തത്. ഈ ബാദ്ധ്യതകളെല്ലാം സാധാരണക്കാരന്റെ തലയിൽ വീണ്ടും വരികയാണ്. ഇപ്പോൾ നിങ്ങൾ ചെയ്തതെന്താണ്? നിങ്ങൾ കേന്ദ്ര ഗവൺമെന്റിനോട് പറഞ്ഞു, സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ഹ്രസ്വകാല അഡ്വാൻസായി കണക്കാക്കണം, സർക്കാരിലേയ്ക്കുള്ള നേരിട്ടുള്ള വായ്പയല്ല എന്ന്. ഗവൺമെന്റ് ഓഫ് ഇന്ത്യ പറഞ്ഞു, ഇത് Direct liability of the State ആണെന്ന്. ഞങ്ങൾ ഉയർത്തിയ വാദമാണിത്. ഞങ്ങൾ പറഞ്ഞപ്പോൾ

നിങ്ങൾ ഞങ്ങളെ കളിയാക്കിപ്പറഞ്ഞു. ഞാൻ ഫ്ലോറിൽത്തന്നെ കിഫ്ബിയുടെ നിയമനിർമ്മാണ സമയത്തുപറഞ്ഞു. It is the direct liability of the State. KIIFB is an instrumentality of the State. കിഫ്ബി വരുത്തുന്ന എല്ലാ ബാദ്ധ്യതകളും സർക്കാരിന്റെ ബാദ്ധ്യതകളാണ്. ഒരുവർഷം കഴിഞ്ഞപ്പോൾ വീണ്ടും കംപ്ട്രോളർ & ആഡിറ്റർ ജനറലിന്റെ റിപ്പോർട്ടിൽ വന്നു. പിറ്റേ വർഷത്തെ റിപ്പോർട്ടിൽ വന്നു. ഇപ്പോൾ ഗവൺമെന്റ് ഓഫ് ഇന്ത്യ നിങ്ങളോട് പറയുന്നു... നിങ്ങളത് മറച്ചുവയ്ക്കുണ്ട. ജി.എസ്.ടി. കൗൺസിലിലും കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങൾക്കെതിരായി ഞങ്ങൾക്ക് ശക്തമായ എതിർപ്പുണ്ട്. മുൻധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. തോമസ് ഐസക്കിനോട് ചോദിക്കണം. അദ്ദേഹം ഞങ്ങളുമായി സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ, ഞാനും അന്ന് പ്രതിപക്ഷനേതാവായിരുന്ന ശ്രീ. രമേശ് ചെന്നിത്തലയുംകൂടി മുൻകൈ എടുത്ത് ഞങ്ങൾ കോൺഗ്രസ്സ് പ്രസിഡന്റിനെക്കണ്ട് അദ്ദേഹത്തെക്കൊണ്ട് കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിലെ ധനാകര്യ വകുപ്പുമന്ത്രിമാരെ ബന്ധപ്പെടുത്തി ഇവിടത്തെ ധനകാര്യ വകുപ്പുമന്ത്രിയെ ബന്ധപ്പെടുത്തി ജി.എസ്.ടി. കൗൺസിലിലും കേന്ദ്രത്തിന്റെ മുന്നിലും ഒരു കോമൺ പ്ലാറ്റ്ഫോമുണ്ടാക്കാൻ മുൻകൈ

എടുത്തതും കേരളത്തിലെ കോൺഗ്രസ്സുകാരായ ഞങ്ങൾ തന്നെയാണ്. കർണാടകത്തിൽനിന്നും വന്ന ശ്രീ. കൃഷ്ണബൈര ഗൗഡ ഉൾപ്പെടെ ധനകാര്യ വകുപ്പിനെ പ്രതിനിധാനം ചെയ്തുവന്നവരെല്ലാം ജി.എസ്.ടി. കൗൺസിലിൽ കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രിയോടൊപ്പം നിന്നാണ് ഞങ്ങൾ പ്രവർത്തിച്ചത്. ഞങ്ങൾ പ്രവർത്തിക്കേണ്ട സമയത്തെല്ലാം ഞങ്ങൾ പ്രവർത്തിച്ചു. ലോട്ടറി കാര്യത്തിലൊക്കെ ഞങ്ങൾ സ്ട്രോംഗ് പൊസിഷനാണെടുത്തത്. ഡെബ്റ്റ് കൂടുന്നുവെന്ന് പറയുമ്പോൾ ഫിസ്കൽ ഡെഫിസിറ്റിന്റെ അകത്താണ് ഡെബ്റ്റ് എടുക്കുന്നത്. ഡെബ്റ്റും ജി.എസ്.ഡി.പി.-യും റെഷ്യോയും തമ്മിൽ വല്ലാതെ വർദ്ധന വരുന്നു. 2019-20-ൽ ഡെബ്റ്റിന്റെയും ജി.എസ്.ഡി.പി.-യുടെയും റേഷ്യോ 31.3 ശതമാനമായിരുന്നു. ആർ.ബി.ഐ. പോലും പറഞ്ഞത് 2026-27 ആകുമ്പോഴാണ് 38 ആകുന്നതെന്നാണ്. പക്ഷേ 2020-21-ൽതന്നെ 37.18 ശതമാനമായി. നമ്മുടെ സാമ്പത്തികസ്ഥിതി അളക്കുന്നതിന്റെയൊരു അളവുകോൽ എന്നുപറയുന്നത് ഡെബ്റ്റിന്റെ ജി.എസ്.ഡി.പി. റേഷ്യോയാണ്. അപകടകരമായ രീതിയിലേയ്ക്ക് പോകുകയാണ്. ഫിസ്കൽ വൾനറബിലിറ്റിയാണ് കേരളത്തിലുള്ളത്. ആ സ്റ്റേജിലേയ്ക്ക് നമ്മൾ

പോകുകയാണ്. Interest Payment to Revenue Receipts അതായത് IPRR ratio ആണ്. അത് 18.8 ശതമാനമാണ്. ഇൻഡ്യയിലെ ഏറ്റവും മോശമായ IPRR ratio. ഒരു സർക്കാരിന്റെ ഇക്കോണമി എന്താണെന്ന് പഠിക്കാൻ വേണ്ടിയുള്ള പ്രധാനപ്പെട്ട മറ്റൊരു അളവുകോൽ ആണ് IPRR ratio. അതും ഇൻഡ്യയിലെ ഏറ്റവും മോശമായ 4 സംസ്ഥാനങ്ങളോടൊപ്പമാണ് കേരളത്തിന്റെ സ്ഥിതി. അതുകൊണ്ടാണ് നമുക്കിതൊന്നും... ബഡ്ജറ്റിൽ കൊടുത്തിട്ടില്ലേ; പ്രൊവിഷനിൽ ഇല്ലേ; പ്ലാൻ ഡോക്യുമെന്റിലില്ലേ; എന്നെല്ലാം ചോദിച്ചു. പ്ലാൻ ഡോക്യുമെന്റ് നോക്കിയിട്ടെന്താണ് കാര്യം; എക്സ്പെൻഡിച്ചർ എന്താണ്? എക്സ്പെൻഡിച്ചറല്ലേ നോക്കേണ്ടത്. ഇപ്പോൾ റവന്യു ഡെഫിസിറ്റ് പതിനാറായിരം കോടി രൂപയേ വരൂ എന്നുപറഞ്ഞു. 6000 കോടി രൂപകൂടി വർദ്ധിച്ചു. 23,000 കോടി രൂപയായി. ഫിസ്കൽ ഡെഫിസിറ്റ് നിങ്ങളുടെ ബഡ്ജറ്റിലെ എസ്റ്റിമേറ്റ് 30,000 കോടി രൂപയായിരുന്നു. 7000 കോടി രൂപകൂടി വർദ്ധിച്ച് 37,000 കോടി രൂപയായി. ഓൺ ടാക്സ് റെസിപ്റ്റ് 12,966 കോടി രൂപ കുറഞ്ഞു. നിങ്ങൾ 71,000 കോടി രൂപ പ്രതീക്ഷിച്ചപ്പോൾ ഓൺ ടാക്സ് റവന്യു കുറഞ്ഞു. 12,000 കോടി രൂപ. നോൺ ടാക്സ് റവന്യു 4297 കോടി രൂപ കുറഞ്ഞു. ക്യാപിറ്റൽ

എക്സ്പെൻഡിച്ചറാണ് ഹെൽത്തിയായ ഫിസ്കൽ സിറ്റുവേഷനെ കാണിക്കുന്നത്. 10,000 കോടി രൂപ ക്യാപിറ്റൽ എക്സ്പെൻഡിച്ചർ ഗണ്യമായിക്കുറഞ്ഞു. ഇതെല്ലാം ഫിസ്കൽ ഇൻഡിക്കേറ്റേഴ്സാണ്. ഒരു സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി എങ്ങോട്ടു കൂപ്പുകുത്തുന്നു എന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ്. ഇത് ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയാണ്. ഞാൻ അധികം നീട്ടില്ല. വളരെ ഗൗരവമുള്ള വിഷയമാണ്.

<u>മി. സ്പീക്കർ</u>: ഡിമാന്റ് ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഫസ്റ്റ് പ്രയോറിറ്റി കൊടുക്കേണ്ടൊരു വിഷയമാണിത്. ഡിമാന്റ് ചർച്ചയിൽ ഇത്രയും സീരിയസായി പറയാൻ സാധിക്കില്ല. ഡിമാന്റ് ചർച്ചയിൽ ഇത് മാത്രമല്ലല്ലോ? ഇപ്പോൾ എന്താ ഗവൺമെന്റ് ക്രൈസിസിൽ ആകുന്നത്. ശമ്പളം കൊടുക്കില്ലെന്ന് ഞങ്ങളാണോ പ്രചരിപ്പിച്ചത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിതന്നെ പറഞ്ഞു, അടുത്തമാസം എങ്ങനെ ശമ്പളം കൊടുക്കുമെന്ന് ആലോചിച്ചുകൊണ്ടിരിക്കുകയാണെന്ന്. സംസ്ഥാനത്തെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അതുപറഞ്ഞാൽ ഞങ്ങൾ ഏറ്റുപറയില്ലേ. അങ്ങല്ലേ

ഈ കണക്കെല്ലാം സൂക്ഷിക്കുന്നയാൾ. ഈ കണക്കിന്റെ, സംസ്ഥാന സ്റ്റേറ്റ് അക്കൗണ്ട്സിന്റെ കസ്റ്റോഡിയൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയല്ലേ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അംഗങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതരത്തിൽ സംസാരിക്കരുത്. സാമ്പത്തിക സ്ഥിതി, ഇപ്രകാരം കേന്ദ്രം നൽകേണ്ട പണം നൽകിയില്ലെങ്കിൽ സംസ്ഥാനത്ത് ബുദ്ധിമുട്ടുണ്ടാകുമെന്നത് പറഞ്ഞു. പക്ഷേ കഴിഞ്ഞ ഒരുവർഷത്തിനിടയിൽ, കോവിഡ് കഴിഞ്ഞ്, കോവിഡ് സമയത്ത് ഞങ്ങൾ പറഞ്ഞതെന്താ ഞങ്ങൾ ഇക്കാര്യത്തിലെല്ലാം പണം മാറ്റിവയ്ക്കും. ബുദ്ധിമുട്ടുണ്ട്, പക്ഷേ ജനങ്ങളെ ബുദ്ധമുട്ടിക്കില്ല എന്നാണ് പറഞ്ഞത്. കേന്ദ്ര ഗവൺമെന്റ് ഇങ്ങനെയാണ് പോകുന്നതെങ്കിൽ, പ്രശ്നമാണെന്ന് പറഞ്ഞപ്പോൾ, ശമ്പളം കൊടുക്കില്ലെന്നല്ല പറഞ്ഞത്. ഇപ്പോൾ ഓരോഘട്ടത്തിലും അങ്ങനെ ശമ്പളം കൊടുക്കാനുള്ള ശമ്പളത്തിനൊന്നും തടസ്സം വരില്ലെന്നാണ് പറഞ്ഞത്. ബുദ്ധിമുട്ടുണ്ട് എന്നുപറഞ്ഞു. അത് സത്യമാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, അതുതന്നെയാണ് ഞാൻ പറഞ്ഞത്. അടുത്ത മാസം ശമ്പളം കൊടുക്കാൻ ബുദ്ധിമുട്ടുമെന്ന് അങ്ങ് പറഞ്ഞു.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അങ്ങനെയല്ല പറഞ്ഞത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഇതിനകത്തെ വിഷയമെന്താണ്; ഈ ക്രൈസിസ് വരുന്നതെന്തുകൊണ്ടാണ്; ജി.എസ്.ടി. വന്നിട്ട് എത്ര വർഷമായി? 14 ശതമാനം ടാക്സ് ഗ്രോത്തില്ലെങ്കിൽ കോമ്പൻസേഷൻ നൽകുമെന്ന് ജി.എസ്.ടി. വന്നപ്പോൾത്തന്നെ ഞങ്ങളോട് പറഞ്ഞിട്ടുണ്ട്. എത്ര വർഷത്തേയ്ക്ക്? 2022 ജൂൺ മാസം വരെ. അപ്പോൾ ജി.എസ്.ടി. ഇൻട്രൊഡ്യൂസ് ചെയ്യുമ്പോൾ 2022 ജൂൺ മാസംവരെ മാത്രമേ കിട്ടുകയുള്ളൂവെന്ന് നമുക്കറിയാം. അപ്പോൾ എന്താണ് ചെയ്യേണ്ടിരുന്നത്? നമ്മുടെ ജി.എസ്.ടി. വരുമാനം വർദ്ധിപ്പിക്കാൻ ശ്രമിക്കണം. അങ്ങയുടെ മുൻഗാമി ഡോ. ടി. എം. തോമസ് ഐസക് ജി.എസ്.ടി.-യെ സപ്പോർട്ട് ചെയ്തുകൊണ്ട് ഈ ഫ്ലോറിൽ എന്താണ് പറഞ്ഞിട്ടുള്ളത്? ഇന്ത്യയിൽ ജി.എസ്.ടി.കൊണ്ട് ഏറ്റവും വലിയ പ്രയോജനമുണ്ടാകുന്നത് കേരളത്തിനായിരിക്കുമെന്നാണ് അദ്ദേഹം പറഞ്ഞത്. കാരണമെന്താണ്? വാറ്റ് (VAT) മാനുഫാക്ചറിംഗ് പോയിന്റിലാണ് ടാക്സ് വാങ്ങുന്നത്. ജി.എസ്.ടി. എന്നത് തികച്ചും വ്യത്യസ്തമായ സിസ്റ്റമാണ്. ജി.എസ്.ടി. വാങ്ങുന്നത് കൺസ്യൂമർ പോയിന്റിലാണ്. അപ്പോൾ കേരളം ഒരു

കൺസ്യൂമർ സ്റ്റേറ്റാണ്. അതുകൊണ്ട് കേരളംപോലുള്ള സംസ്ഥാനത്ത് ഏറ്റവും വലിയ നികുതി വരുമാനമുണ്ടാകാൻ പോകുന്നു, അതായത് 30 ശതമാനത്തിന്റെ നികുതി വർദ്ധനവ് കേരളത്തിലുണ്ടാകുമെന്ന് പറഞ്ഞു. അതുണ്ടായില്ലെന്നു മാത്രമല്ല പല കാരണങ്ങൾകൊണ്ടും ശരാശരി പത്ത് ശതമാനത്തിൽ നിന്നു. ഒരു പുതിയ സിസ്റ്റം വരുമ്പോൾ കോമ്പൻസേഷൻ കിട്ടുമെന്ന് പറഞ്ഞുകൊണ്ട് അതിന്റെ പുറകേ പോകാതെ പഴുതുകളില്ലാതെ വളരെ ഫലപ്രദമായി അത് നടപ്പാക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിച്ചു. നിങ്ങൾ തയ്യാറായില്ലെന്നുള്ളതാണ് മൂലകാരണം. ഞാൻ തന്നെ ഈ സഭയിൽ മൂന്നോ നാലോ തവണ പറഞ്ഞിട്ടുണ്ട്.

<u>മി. സ്പീക്കർ</u>: പ്ലീസ്.......പ്ലീസ്.... ഇപ്പോൾത്തന്നെ വളരെ വിശദമായി പറഞ്ഞുകഴിഞ്ഞു.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. പഴയ പ്രതിപക്ഷനേതാക്കന്മാർ വാക്കൗട്ട് പ്രസംഗം നടത്തിയിരിക്കുന്നത് ദയവുചെയ്ത് അങ്ങ് പരിശോധിച്ചുനോക്കണം. പഴയൊരു സ്പീക്കറും ഇവിടെയുണ്ട്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി നാല് മിനിട്ട് മാത്രമേ എടുത്തിട്ടുള്ളൂ.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഈ സഭയിലെ വാക്കൗട്ട് പ്രസംഗത്തിൽ ഏറ്റവും കുറച്ച് സംസാരിച്ചിട്ടുള്ള പ്രതിപക്ഷനേതാവാണ് ഞാൻ. രണ്ട് മിനിട്ടുകൂടി തരണം. വാറ്റിന്റെ സിസ്റ്റവും ജി.എസ്.ടി.-യുടെ സിസ്റ്റവും വേറെയല്ലേയെന്ന് ഞങ്ങൾ ചോദിച്ചു. അപ്പോൾ വാറ്റിനുവേണ്ടിയുണ്ടാക്കിയ ഒരു ടാക്സ് അഡ്മിനിസ്ട്രേഷൻ സിസ്റ്റം കേരളത്തിൽ നിലവിലിരിക്കുന്നു. ഇന്ത്യയിലെ 95 ശതമാനം സംസ്ഥാനങ്ങളും നികുതി ഭരണ സംവിധാനം മാറ്റി. എന്തിനുവേണ്ടി? ജി.എസ്.ടി.-ക്കനുസരിച്ച് നികുതി വർദ്ധനവുണ്ടാക്കുന്നതിനാണ് മാറ്റിയത്. കേരളം ഇതുവരെ മാറ്റിയിട്ടില്ല. ഇപ്പോഴും വാറ്റിൽ നിൽക്കുന്ന നികുതി ഭരണ സംവിധാനമാണ്. ഭരണത്തിന്റെ കെടുകാര്യസ്ഥത, സാമ്പത്തിക ദുരുപയോഗം അതാണ് സാമ്പത്തിക പരാധീനതയിലേയ്ക്ക് കേരളത്തെ നയിക്കുന്നത്. വരുമാനമുണ്ടാകാനുള്ള മാർഗ്ഗങ്ങൾ തേടുന്നില്ല. വാറ്റിന്റെ കുടിശ്ശികയായി 15000 കോടി രൂപയിലധികം പിരിക്കാനുണ്ട്. അത് പിരിക്കാനുള്ള ഒരു നടപടിയും സ്വീകരിക്കുന്നില്ല. അതിനുപകരം പെട്ടിക്കടക്കാർക്കുവരെ 500-ഉം 1000-വുംകോടി രൂപയുടെ നോട്ടീസ് അയയ്ക്കുകയാണ്. ഈ സിസ്റ്റം കേരളത്തെ തകർക്കും. ഇപ്പോൾ ഒരു കുഴപ്പവുമില്ലെന്ന് അദ്ദേഹം

പറയുന്നുണ്ട്. എനിക്ക് പ്രളയകാലത്തെ ഒരനുഭവമുണ്ട്. പാതിരാത്രി ഒരാൾ എന്നെ വിളിച്ചിട്ട് ഞാനും ഭാര്യയും കുട്ടികളുമൊക്കെ ഒരു രക്ഷയുമില്ലാതെ ഇവിടെയിരിക്കുകയാണെന്നും എന്റെ വീടിന്റെ രണ്ടാമത്തെ നിലയിലേയ്ക്കും വെള്ളം പൊങ്ങിയെന്നും ഞങ്ങളെ ആരും രക്ഷപ്പെടുത്തിയില്ലെന്നും സമീപത്തുള്ള എല്ലാവരെയും രക്ഷപ്പെടുത്തിയെന്നും പറഞ്ഞു. ആ പ്രദേശത്ത് രക്ഷാപ്രവർത്തനം നടത്തിയവരെ രാത്രി ഒരു മണിക്ക് വിളിച്ച് ഞാൻ ദേഷ്യപ്പെട്ടു. ആദ്യം വെള്ളം പൊങ്ങിയ സമയത്ത് രക്ഷാപ്രവർത്തകർ ആ വീട്ടിൽ ചെന്നപ്പോൾ അവർ വരുന്നില്ലെന്നും അവർ മാനേജ് ചെയ്തുകൊള്ളാമെന്നുമാണ് പറഞ്ഞത്. വെള്ളം പകുതിയായപ്പോൾ രണ്ടാമതും രക്ഷാപ്രവർത്തകർ ചെന്നപ്പോൾ അവർ മാനേജ് ചെയ്തുകൊള്ളാമെന്നും വരുന്നില്ലെന്നുമാണ് പറഞ്ഞത്. എല്ലാ വീട്ടുകാരും പോന്നു, നിങ്ങളുംകൂടി വരണമെന്നുപറഞ്ഞ് മൂന്നാമത് ചെന്ന് വിളിച്ചപ്പോഴും അവർക്ക് സൗകര്യമില്ലെന്നും അവരോട് പോകാനുമാണ് പറഞ്ഞത്. മൂന്ന് പ്രാവശ്യം ചെന്നുവിളിച്ചിട്ടും പോകാതെ രണ്ടാമത്തെ നിലയിൽ വെള്ളം കയറിയപ്പോൾ പെട്ടെന്നുതന്നെ ജനപ്രതിനിധിയായ എന്നെ വിളിക്കുകയാണ്. ആ സ്ഥിതി കേരളത്തിലെ ധനകാര്യ

വകുപ്പുമന്ത്രിക്കുണ്ടാകരുതെന്ന് വിനയപൂർവ്വം ഞാൻ ഓർമ്മപ്പെടുത്തുന്നു. സോഷ്യൽ സെക്യൂരിറ്റി പെൻഷനിലുണ്ടായിരിക്കുന്ന ഈ ഗവൺമെന്റിന്റെ ഉത്തരവ്, കേരളത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം അപകടകരമായ നിലയിലേയ്ക്ക് പോകുമെന്ന് ഞങ്ങൾ മുന്നറിപ്പ് നൽകിയിട്ടും അതിനെ നിസ്സാരമായി കണ്ടുകൊണ്ട് അത് ഗൗരവപൂർവ്വം ചർച്ച ചെയ്യാൻ തയ്യാറാകാത്ത ഈ ഗവൺമെന്റിന്റെ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സമയത്തിന്റെ കാര്യം ഇവിടെ പറഞ്ഞു. പൊതുവിൽ സഭാനേതാവും പ്രതിപക്ഷനേതാവും ഒഴികെ ബാക്കിയെല്ലാ അംഗങ്ങളുടെയും സമയത്തിന്റെ കാര്യത്തിൽ ചെയർ വളരെ കർക്കശമായി ഇടപെടാറുണ്ട്. സഭാനേതാവും പ്രതിപക്ഷനേതാവും സഹകരിക്കുമെന്ന പ്രതീക്ഷയാണുള്ളത്. ഇന്നിപ്പോൾ മന്ത്രി ആദ്യഘട്ടത്തിൽ 4 മിനിട്ട് മാത്രമാണ് സംസാരിച്ചത്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, അംഗങ്ങൾ

പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ സമയം കഴിഞ്ഞുവെന്ന് പറഞ്ഞ് മൈക്ക് ഓഫ് ചെയ്യരുത്.

മി. സ്പീക്കർ: അത് മൈക്ക് ഓഫ് ചെയ്യുന്നതല്ല. അടുത്ത അംഗത്തെ വിളിക്കുന്നതാണ്. ഒരിക്കലും മൈക്ക് ഓഫ് ചെയ്യാറില്ല. അടുത്ത അംഗത്തെ വിളക്കുക മാത്രമേയുള്ളൂ.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഒരംഗത്തിന്റെ പ്രസംഗത്തിനിടയിൽ സമയം കഴിയാറാകുമ്പോൾ ആദ്യത്തെ ബെൽ കേൾക്കുകയും അതുകഴിഞ്ഞ് രണ്ടാമത്തെ ബെൽ കേൾക്കുമ്പോൾ നിർത്തുകയുമാണ് ചെയ്യുന്നത്. അപ്പോൾ അംഗം പ്രസംഗം നിർത്തിയില്ലെങ്കിൽ മൈക്ക് ഓഫ് ചെയ്യാൻ പാടില്ല.

മി. സ്പീക്കർ: സമയം പാലിക്കാൻ സഭാദ്ധ്യക്ഷന്മാർക്ക് കുറച്ച് കടുത്ത നടപടികൾ വേണ്ടിവരും. ദയവായി സഹകരിക്കുക. മൈക്ക് ഓഫ് ചെയ്യുകയെന്ന ഉദ്ദേശമില്ല. അങ്ങയോട് വളരെ ആദരവാണുള്ളത്.

ഡോ. എം. കെ. മുനീർ: സർ, കേരള സോഷ്യൽ സെക്യൂരിറ്റീസ് പെൻഷൻ ലിമിറ്റഡ് എന്നൊരു കമ്പനി രൂപവത്കരിച്ചതുതന്നെ പെൻഷൻ മുടങ്ങാതെ കൊടുക്കുന്നതിനുവേണ്ടിയാണ്. ലിക്വിഡിറ്റിയുണ്ടാകുന്നതിനു

വേണ്ടിയാണ് ബിവറേജസ് കോർപ്പറേഷനിൽനിന്നും കെ.എസ്.എഫ്.ഇ.-യിൽനിന്നും അതുപോലെ മറ്റ് സഹകരണ കൺസോർഷ്യത്തിൽ നിന്നുമൊക്കെയാണ് പ്രധാനമായും കടമെടുത്തിരിക്കുന്നതെന്ന് ഇവിടെ പറഞ്ഞു. പെൻഷൻ മുടങ്ങാതെ കൊടുക്കുന്നുവെന്ന് പറയുമ്പോഴും സോഷ്യൽ സെക്യൂരിറ്റി പെൻഷനോട് എത്രമാത്രം ആഭിമുഖ്യം സർക്കാരിനുണ്ടെന്നുള്ളത് തെളിയിക്കുന്ന ഉത്തരവാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചത്. ഇവിടെ രണ്ടാമതായി ഇറക്കിയിട്ടുള്ള 97/2022 ഉത്തരവ് പ്രകാരം ബഡ്ജറ്റിലൂടെ കമ്പനിക്ക് നൽകുന്ന സഹായം നിർത്തിക്കൊണ്ടുള്ള ഉത്തരവ് വന്നിരിക്കുന്നത്. അതിലെ ഓരോ പ്രോസസും എടുത്തുപറഞ്ഞുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഞാൻ സാമൂഹ്യനീതി വകുപ്പുമന്ത്രിയായിരുന്നപ്പോൾ എന്റെ വകുപ്പിനുകീഴിൽ സോഷ്യൽ സെക്യൂരിറ്റി മിഷനുണ്ടായിരുന്നു. ഇപ്പോൾ എല്ലാം കേന്ദ്രീകരിച്ചുകൊണ്ട് എല്ലാ സോഷ്യൽ സെക്യൂരിറ്റി പെൻഷനുകളും ഒരു കമ്പനിയിലേയ്ക്ക് മാറി. അതോടെ സോഷ്യൽ സെക്യൂരിറ്റി മിഷൻ നടത്തുന്ന അല്ലെങ്കിൽ ഇതുവരെ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കൊടുത്തിരിക്കുന്ന സോഷ്യൽ ജസ്റ്റിസ് ഡിപ്പാർട്ടുമെന്റിന് യാതൊരു ജോലിയും ചെയ്യാനില്ലെന്ന

അവസ്ഥ വന്നിട്ടുണ്ട്. ആ സമയത്ത് ഞങ്ങൾ വി-കെയർ എന്നൊരു സംവിധാനമുണ്ടാക്കിയിരുന്നു. അതിലൊരു പേമെന്റ് ഗേറ്റ്‌വേ ഉണ്ടാക്കിയിരുന്നു. പക്ഷേ അതിൽ കടമെടുക്കേണ്ട ആവശ്യംപോലുമില്ല. ഞങ്ങളന്ന് കണ്ടിരുന്നത് സി.എസ്.ആർ. ഫണ്ടാണ്. ഇന്ത്യ മുഴുവൻ നിലനിൽക്കുന്ന സി.എസ്.ആർ. ഫണ്ട് ആരും ഉപയോഗപ്പെടുത്തുന്നില്ല. കേരളത്തിന് പ്രത്യേകിച്ച് ഗവൺമെന്റ് നടത്തുന്ന ഒരു പ്രസ്ഥാനമാകുമ്പോൾ സി.എസ്.ആർ. ഫണ്ട് പല ഭാഗത്തുനിന്നും നമുക്ക് സ്വരൂപിക്കുകയും അതിലൂടെ ബഡ്ജറ്റല്ലാതെ, ബഡ്ജറ്റിന് സമാന്തരമായി ഇത്തരത്തിലുള്ള ലിമിറ്റഡ് കമ്പനിയായാലും വി-കെയർ എന്നുപറയുന്ന പേമെന്റ് ഗേറ്റ്‌വേ സിസ്റ്റമായാലും അതിലൂടെ ചെയ്യാൻ പറ്റുമെന്നിരിക്കെ എന്തിനാണ് പിന്നെയും ബിവറേജസ് കോർപ്പറേഷനിൽനിന്നും കെ.എസ്.എഫ്.ഇ.-യിൽനിന്നും ലോൺ എടുക്കുന്നത്. ഇതൊക്കെ ലോൺ ലിമിറ്റേഷനിൽ വരുന്നുവെന്നാണ് ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് പറഞ്ഞിരിക്കുന്നത്. അതോടെ കേന്ദ്രം സംസ്ഥാനത്തെ സഹായിക്കുന്ന എല്ലാ നടപടികളും നിർത്തിവച്ചിരിക്കുകയാണ്. ഇനി കടമെടുക്കാൻപോലും കഴിയാത്ത സംസ്ഥാനമായി വരുന്ന സമയത്ത് എന്ത് ലിക്വിഡിറ്റിയെക്കുറിച്ചാണ്

സംസാരിച്ചുകൊണ്ടിരിക്കുന്നത്. ഇതിന് വിശദമായൊരു ചർച്ച ആവശ്യമാണ്. ആ ചർച്ചയ്ക്ക് തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും ഇറങ്ങിപ്പോകുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, അങ്ങ് 2011-16-ലെ പെൻഷന്റെ കണക്കും 2016-21-ലേത് 35000 കോടി രൂപയായി വർദ്ധിച്ചുവെന്നും ഇവിടെ സൂചിപ്പിച്ചു. അത് കാലോചിതമായ വർദ്ധനവ് മാത്രമാണ്. 2006-11 കാലയളവിൽ അന്നത്തെ അച്യുതാനന്ദൻ സർക്കാരിന്റെ കാലത്തെ വർദ്ധനവിനേക്കാൾ കൂടുതൽ അതിനടുത്ത ഗവൺമെന്റ് കൊണ്ടുവന്നിട്ടുണ്ട്. ഈ ഗവൺമെന്റ് അതിനേക്കാൾ കൂടുതൽ വർദ്ധിപ്പിക്കും. കാലോചിതമായ വർദ്ധനവുണ്ടാകുന്നത് മഹത്തരമായ കാര്യമാണെന്ന നിലയിൽ അങ്ങ് പ്രതിപാദിക്കുന്നത് കണ്ടു. അത് ശരിയായ സമീപനമല്ല. എല്ലാ കാലഘട്ടങ്ങളിലെ ഗവൺമെന്റുകളും സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വർദ്ധിപ്പിക്കാറുള്ളതാണ്. സർക്കാർ സാമ്പത്തിക പ്രതിസന്ധിയിലാണെന്ന് അങ്ങുതന്നെ ഇവിടെ സൂചിപ്പിച്ചു. എന്നാൽ ധൂർത്തും പാഴ്ചെലവുകളും

യഥേഷ്ടം നടക്കുന്നുവെന്നുള്ളതാണ്. അതിനിടയിലാണ് ഈ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ തിരിച്ചടവ് ബാധ്യതയിൽനിന്ന് സർക്കാർ പിന്മാറാനുള്ള സമീപനമുണ്ടായിരിക്കുന്നത്. വിവിധ ക്ലോസുകളുൾപ്പെടെ ഗവൺമെന്റ് ഉത്തരവിറക്കിയത് തികച്ചും പ്രതിഷേധാർഹമായ ഒന്നാണ്. അതുകൊണ്ടുതന്നെ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ മുടങ്ങുമെന്ന ആശങ്ക ഇന്ന് പൊതുസമൂഹത്തിൽ ഉടലെടുത്തിരിക്കുന്നു. ആ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി.)